ദെറിദയുടെ ഓഫ് ഗ്രാമറ്റോളജി എന്ന കൃതിയിൽ നിന്നും

# അക്ഷരത്തിന് മുൻപുള്ള എഴുത്ത്

# (writing before the letter)

**വിവർത്തകൻ ഡോ.ഡി.വി.അനിൽകുമാർ**

**(ദരിദയുടെ (** Derrida)" OF GRAMMATOLOGY" **എന്ന ഗ്രന്ഥത്തെ ഗായത്രി ചക്രബർത്തി സ്പിവാക്** (Gayatri chakravarti spivak)**ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് 1974ൽ ജോൺ ഹോപ്കിൻസ് സർവ്വകലാശാല പ്രസിദ്ധീകരിച്ചു.1997–ലെ പതിപ്പാണ് വിവർത്തനത്തിന് ഉപയാഗിച്ചിരിക്കുന്നത്.** "Writing before the letter" **എന്ന ഒന്നാം ഖണ്ഡത്തിന്റെ സമ്പൂർണ പരിഭാഷയാണിത്; മലയാളത്തിൽ ആദ്യത്തേതും.**)

## മൂല്യഎഴുത്ത് (Exergue)

1.എഴുത്തുവിദ്യയെന്ന ശാസ്ത്രത്തിൽ തിളങ്ങുന്നവൻ സൂര്യനെപ്പോലെ തിളങ്ങുന്ന .

ഒരു പകർത്തിയെഴുത്തുക്കാരൻ (ep,p.87)

ഓ സൂര്യദേവാ , നീ നിനന്റെ വെളിച്ചത്തിലൂടെ ഭ്രമിയെ മുഴവൻ വെളിപ്പെടുത്തുന്ന ക്യൂണിഫോം ലിപികളെയെന്നവണ്ണം. (അത്രാപു)

2. ഒരു രാഷ്ട്രത്തിലെ ജനത മുഴവൻ ഒറ്റക്കെട്ടായി നിലകൊള്ളുന്ന വണ്ണം എഴുത്തിലെ ഈ മൂന്നരീതിയും മൂന്ന ഘട്ടങ്ങളായി ഒരുമയോടെ നിലകൊള്ളുന്നു. പദാർത്ഥങ്ങളെ വരയുന്ന കാട്ടു മനുഷ്യരും, (savage); ചിഹ്നങ്ങളും , വാക്കുകളും , സന്ധായകങ്ങളും വരയുന്ന അപരിഷ്കൃതവും അക്ഷരങ്ങൾ വരയുന്ന പരിഷ്കൃത മനുഷ്യനും (J.J. Rousseau , Essai sur I origine des langues)

3.അക്ഷരമെഴുത്താണ് അതിലും അതിനായിട്ടും ഏററവും ബുദ്ധിപരമായത് (Hegel,Enzyklopo/oodie.)

ഈ മൂന്ന് മൂല്യമെഴുത്തുകളും എഴുത്ത് എന്ന സങ്കല്പനത്തെ നിയന്ത്രിക്കുന്ന എവിടെയും എല്ലായിപോഴുമുള്ള വംശ കേന്ദ്രീകൃതമായ (ethnocentricism) അവസ്ഥയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ നമ്മളെ നിർബന്ധിതരാക്കുന്നു. ഞാൻ ശബ്ദകേന്ദ്രീകൃതത്വ (logocentrism) എന്ന് വിളിക്കുന്ന ഇത് :അത് അടിസ്ഥാനപരമായി സ്വനലേഖിയത്തിന്റെ (phonetic writing) ആധിഭൗതികമാണ് (ഉദാഹരണമായി അക്ഷരമാല)- ഒഴിച്ചുകൂടാനാവാത്തതും ആവശ്യവുമായ കാരണങ്ങളാൽ അതിനെ ലളിതമായ ചരിത്രയുക്തിയാൽ കണ്ടെത്താൻ കഴിയാത്തതാണ്. എന്നാൽ ഏറ്റവും ശക്തിമത്തും തനിമയുള്ളതുമായ വംശ കേന്ദ്രീകൃതത്വമല്ലാതെ മറ്റൊന്നുമല്ല അത് , എല്ലാറ്റിനേയും ഒന്നായി നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നു.

4.എഴുത്തിന്റെ ലിപിവൽക്കരണം (phoneticization) നടക്കുന്ന ലോകത്ത് എഴുത്തിന്റെ സങ്കല്പനം തന്നെ അതിന്റെ ചരിത്രത്തെ മറച്ചു വെക്കുന്നു.

5.ആധിഭൗതികത്തിന്റെ ചരിത്രം (ഒന്നേയൊന്ന്),എന്തൊക്കെ വ്യത്യാസങ്ങൾ ഉണ്ടെ പ്ലേറ്റോ മുതൽ ഹെഗൽ വരെയും(Leibnitzപോലും),എന്തൊക്കെ വ്യക്തമായ പരിമിതികൾ ഉണ്ടെങ്കിലും, സേക്രട്ടീസിന് മുൻപ് മുതൽ ഹൈദഗർ വരെയും ,യഥാർത്ഥസത്യത്തിന്റെ ഉദയത്തെ ശബ്ദവുമായി(logos) ബന്ധിപ്പിക്കുന്നു: സത്യത്തിന്റെ ചരിത്രം,സത്യത്തിന്റെയും സത്യം പണ്ടു മുതലേ- ഒരേയൊരു ആധിഭൗതിക വ്യതിയാനമൊഴികെ;നാമതു വഴിയേ വിവരിക്കും

എഴുത്തിന്റെ അടിസ്ഥാനമിളക്കലാണത് . (debasement), പൂർണ്ണമായ വാമൊഴിക്കുമുന്നിലെ അതിന്റെ അടിച്ചമർത്തലാണ്.

6.സയൻസ് എന്ന സങ്കല്പനവും അല്ലെങ്കിൽ സയൻസിന്റെ ശാസ്ത്രീയത അതിനെ യുക്തി(logic) ആയാണ് എല്ലായ്പോഴും

നിർണയിച്ചവരുന്നത് .എല്ലായ്പ്പോഴും ഒരു തത്വചിന്താപരമായ സങ്കല്പനമാണത്, സയൻസ് അതിന്റെ പ്രവർത്തനത്തിലൂടെ നിരന്തരം അതിന്റെ തന്നെ ശബ്ദകേന്ദ്രീകൃതമായ (logos) സാമ്രാജ്യത്വത്തെ ചോദ്യം ചെയ്യുന്നുണ്ടെങ്കിലും, ശ്രദ്ധയാകർഷിച്ചുകൊണ്ട്, ഉദാഹരണമായി ,തുടക്കംമുതലും വേഗത്തിലും ,ശബ്ദകേന്ദ്രമല്ലാത്ത എഴുത്തിലൂടെ (non phonetic writing) യാതൊരു സംശയവുമില്ല, ആ ചോദ്യം ചെയ്യൽ നേരിട്ട് അദിസംബോധന ചെയ്യുന്നിടത്താണ് എല്ലായ്പ്പോഴും നടപ്പാവുക അതാണ് സയൻസ് എന്ന പ്രോജക്ടിനും ശബ്ദകേന്ദ്രമല്ലാത്ത പ്രത്യേകതകൾക്കും ജന്മം നൽകുന്നത്. അതങ്ങനെ തന്നെ ആയേപറ്റൂ. കൂടാതെ , അത് നമ്മുടെ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയുമാണ്, ശബ്ദകേന്ദ്രീകത്വമില്ലാത്ത എഴുത്തിലേക്ക് പ്രവേശിച്ച നിമിഷം –സയൻസിന്റെ ഘടനയിലേക്കും സാധ്യതയിലേക്കും തത്വചിന്തയുടെ ജനനം നടന്ന സമയം, ആ കാലഗണിത(epesteme)ത്തിന്റെ അവസ്ഥ -ലോകസംസ്കാരത്തിൽ പിടിമുറുക്കി തുടങ്ങിയ സമയം , സയൻസ് ,അതിന്റെ വികാസത്തിൽ ,ഇതിൽ ഒരിക്കലും ഇത് സന്തുഷ്ടമായതുമില്ല. അപര്യാപ്തതയുടെ എല്ലായ്പ്പോഴും അതിന്റെ സാന്നിധ്യം പ്രകടമായിതുടങ്ങി . പക്ഷേ ,ഇന്ന് ചില പ്രത്യേക രൂപങ്ങളിൽ അത് ദൃശ്യമാവുന്നു, നമ്മുടെ സാധാരണവും സുവ്യക്തമായ വിശ്വാസങ്ങളായ വിപ്ലവം ,സാമ്പ്രദായികം, ആന്തരികവ്യതിയാനം ,ആർജിതത്വം എന്നിവയെന്നും വിവർത്തനം ചെയ്യാൻ കഴിയാത്ത രൂപമാറ്റമാണ് അതിന് ഉണ്ടാകുന്നത് .ഇന്ന് സ്ഥാനചലനം സംഭവിച്ച ഒരു വ്യവസ്ഥയുടെ മൂല്യങ്ങളാണ് ഇവയെന്ന കാര്യത്തിൽ സംശയമേതുമില്ല ,അർത്ഥവത്തായ ഒരു ചരിത്രമാറ്റത്തിന്റെ ശൈലിയെയാണത് വിവരിക്കുന്നത് –ചരിത്രമെന്ന സങ്കല്പനം പോലെയൊന്നിന്റെ –ഒരു ശബ്ദകേന്ദ്രീത കാലഘട്ടത്തിനകത്ത് നിന്ന് മാത്രം.

പ്രതിരൂപാത്മകവും അതിഭൗതികവും മതപരവുമായ ധ്വനിയിൽ എഴുത്തുശാസ്ത്രം , ഈ exergue (അങ്കനം) തീർച്ചയായും എഴുത്തു ശാസ്ത്രത്തെ (Science of writing,Grammatology) വിളംബരം ചെയ്യുക മാത്രമല്ല –സ്വാതന്ത്ര്യത്തിന്റെ ചിഹ്നങ്ങളെ

ലോകമാകെ കാണിക്കുകയും ചെയ്യുന്ന , നിർണ്ണീതമായ പരിശ്രമങ്ങളുടെ ഫലമായി .ഈ പരിശ്രമങ്ങൾ അടക്കിപ്പിടിച്ചതും വിസ്തൃതവും ഏതാണ്ട് മനസ്സിലാക്കാൻ കഴിയാത്തതുമാണ് , അത് അതിന്റെ അർത്ഥത്തിന്റെ ഗുണവും അതിന്റെ പ്രവർത്തനവും ഉല്പാദനവും നടക്കുന്ന സംസ്കാരിക പരിസരവുമായി ബന്ധപ്പെട്ടതുമാണ്. ഇതിനെല്ലാം മീതെയായി ഞാൻ നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നത് , എത്രയൊക്കെ ഫലവത്തും അവശ്യവുമാണ് ഈ ഉത്തരവാദിത്വമെന്നാലും , എന്നിരുന്നാലും ,ഏറ്റവും അനുയോജ്യമായ പരികല്പന (hypothesis) നൽകുന്ന ,ഇത് അതിനെ പരിമിതമാക്കുന്ന സാങ്കേതികവും കാലികവുമായ എല്ലാ തടസ്സങ്ങൾക്കൊപ്പം മതപരവും ആധിഭൗതികവും ആയ തടസ്സങ്ങളെയും തരണം ചെയ്യും, അങ്ങനെയൊരു രചനയുടെ ശാസ്ത്രം അതേപേരിൽ സ്ഥാപിതമായിത്തീരുക എന്ന അപായത്തിൽ നിന്ന് രക്ഷനേടും. അതിന്റെ ഉദ്ദേശ്യത്തേയോ ഘടനയേയോ അതിന് നിർവചിക്കാൻ കഴിയില്ല. അതിന് അതിന്റെ രൂപത്തിന്റെ വ്യപഹാരത്തെ എഴുതാനോ അതിന്റെ മേഖലയുടെ അതിരുകളെ വിവരിക്കാനോ കഴിയില്ല. അത്യാവശ്യകാരണങ്ങളാൽ :സയൻസ് , എഴുത്ത് തുടങ്ങിയ വ്യത്യസ്തമായവയെക്കുറിച്ചെല്ലാം ഏകമുഖമായി ചിന്തിക്കുന്നത് ,തത്വത്തിൽ ഏറിയും കുറഞ്ഞും രഹസ്യമായും , അതിനെ നിർണ്ണയിക്കുന്നത് ചരിത്രപരവും ആധിഭൗതികവുമായ കാലഘട്ടത്തിലാണ്. അവിടെ നാം കണ്ണുചിമ്മി അവസാനിപ്പിക്കുന്നു. ഞാൻ അവസാനം എന്ന് പറയില്ല. സയൻസ് എന്ന ആശയവും എഴുത്തെന്ന ആശയവും – അതുകൊണ്ട് എഴുത്ത് ശാസ്ത്രവും - നമുക്ക് അർത്ഥവത്തായിത്തീരുന്നത് ഒരു ഉദ്ഭവത്തിന്റേയും ചില ചിഹ്നമെന്ന സങ്കല്പവും (പിന്നീട് ഞാനിതിനെ ഉറപ്പിച്ച് പറയും) ചില എഴുത്തും ഭാഷണവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച സങ്കല്പവും ഉൾച്ചേർന്ന ഒരു ലോകത്തിലാണ്,അതാകട്ടെ നേരത്തേ നിർദ്ദേശിതവുമാണ്. ഏറ്റവും നിർണയിക്കപ്പെട്ട ഒരു ബന്ധം, അതിന്റെ പ്രത്യക അവകാശവും, അതിന്റെ അത്യാവശ്യവും, അനേകായിരം വർഷങ്ങളായി അത് നിയന്ത്രിക്കുന്ന കാഴ്ചാക്ഷേത്രവും , പ്രത്യകിച്ചും

പടുഞ്ഞാറ്, ഒക്കെ മാറ്റിവെച്ച്, ഇപ്പോൾ അതിന്റെ സ്ഥാനചലനത്തെയും അതിന്റ പരിമിതിയേയും പ്രഖ്യാപിക്കേണ്ടിവരുന്നു.

എന്നിരുന്നാലും നാം എഴുത്തെന്ന് വിവരിക്കുന്നതിനെക്കുറിച്ച് ക്ഷമാപൂർവ്വമായ ധ്യാനവും വേദന തിന്നുന്ന അന്വേഷണവും, ഒരു എഴുത്ത് ശാസ്ത്രം എന്നതിൽ കുറയാത്തതോ വേഗത്തിൽ അതിനെ മറച്ചുവെക്കും വിധമുള്ള പ്രതികരണമോ, അതിന്റെ ധനാത്മകതയെ കഴിയുംവിധം വികസിപ്പിക്കാൻ അനുവദിക്കുക, അവ ചിന്തയെ മേയാൻ വിടലാണ് , അത് വിശ്വസ്തവും ഭാവിയെ സ്വയം വർത്തമാനത്തിൽ പ്രഖ്യാപിക്കുന്ന അപ്രതിരോധ്യമായ ലോകത്തെ ഗ്രഹിക്കുന്നതു മാണ്, ജ്ഞാനത്തിന്റെ അന്ത്യത്തിനുമപ്പുറമാണത്.

ആത്യന്തികമായ അപകടത്തിന്റെ രൂപത്തിൻ മാത്രമേ ഭാവിയെ നമുക്ക് മുൻകൂട്ടിക്കാണാൻ കഴിയൂ. നിലവിലുള്ള സാധാരണ നിലയെ പൂർണമായും തകർക്കുന്നതാണത് . അതിനെ ഒരു രാക്ഷസീയതയായേ പ്രഖ്യാപിക്കാനും അവതരിപ്പിക്കാനും കഴിയൂ , ആ ഭാവികാലത്തിന് വേണ്ടിയും അതിന്റെ ഉള്ളടക്കത്തിൽ ഏതൊക്കെയാണ് ചിഹ്നത്തിന്റെയും വാക്കിന്റെയും എഴുത്തിന്റെയും മൂല്യങ്ങളെ ചോദ്യം ചെയ്യുന്നത് അതിനു വേണ്ടിയും ഏതാണ് നമ്മുടെ ഭാവിയെ മുന്നിൽ നിന്ന് നയിക്കുന്നത് അതിനുവേണ്ടിയും, ഇതുവരെയും അതിന്റെ ഒരു അങ്കനവും ലഭ്യമല്ല.

## പുസ്തകത്തിന്റെ അന്ത്യവും എഴുത്തിന്റെ ആരംഭവും

സോക്രട്ടീസ് ,അദ്ദേഹം എഴുതിയിരുന്നില്ല –നീച്ചേ(Nietzsche) എന്തൊക്കെയായാലും ഈ വിഷയം പരിഗണിക്കുമ്പോൾ ,ഭാഷയുടെ പ്രശ്നം മറ്റുള്ള പ്രശ്നങ്ങളുടെ കൂട്ടത്തിൽ ഒരു സാധാരണ പ്രശ്നം എന്ന രീതിയിൽ ഒരിക്കലുമായിരുന്നിട്ടില്ല. എങ്കിലും ഇത്രയും അളവിൽ ഇന്നത്തേതുപോലെ അത് അതിക്രമിച്ചിട്ടുമില്ല , അത്രത്തോളം ,ലോക തക്രവാളത്തോളം പരന്ന വൈവിധ്യമാർന്ന ഗവേഷകർ, ഏറ്റവും നാനാത്വമാർന്ന വ്യവഹാരങ്ങൾ

വിവിധങ്ങളായ അവയുടെ ഉദ്ദേശ്യങ്ങളും, രീതികളും, പ്രത്യകശാസ്ത്രവും. 'ഭാഷ' എന്ന പദത്തിന്റെ മൂല്യത്തകർച്ച തന്നെയും, എങ്ങനെയെന്നാൽ , അതിന്റെ അത്യുഗ്രമായ നമ്മിലുള്ള അള്ളിപ്പിടിത്തത്തിൽ, അത് അയഞ്ഞ പദസമ്പത്തുകൊണ്ട് പറ്റിക്കുന്നു, ഒരു വിലകുറഞ്ഞ മയക്കിയെടുക്കാനുള്ള പ്രേരണ , പരിഷ്കാരത്തിനായുള്ള നിഷ്ക്രിയമായ കീഴടങ്ങൽ ,സബോധമായ അവന്ത്-ഗാർഡെ , മറ്റൊരുവിധത്തിൽ - അജ്ഞത – എല്ലാം ഈ ഫലത്തിന്റെ തെളിവുകളാണ് .ഈ ചിഹ്നങ്ങളുടെ പെരുക്കം "ഭാഷ"തന്നെ ചിഹ്നങ്ങളുടെ പെരുക്കം തന്നെയാണ്. പരിപൂർണമായ പെരുക്കം , അതിൽ തന്നെയുള്ള പെരുക്കം .എങ്കിലും ,അതിന്റെ ഒരു പ്രത്യേകയിലൂടെ അല്ലെങ്കിൽ നിഴലിലൂടെ, അത് തന്നെ ഇപ്പോഴും ചിഹ്നമാണ് :ഈ ആപദ്ഘട്ടവും ഒരു ലക്ഷണമാണ്. അത് ചൂണ്ടിക്കാണിക്കുന്നത് ,അത് അങ്ങനെയെക്കെയാണെങ്കിലും ഒരു ചരിത്ര-ആധിഭൗതിക കാലഘട്ടം തീർച്ചയാവും ആത്യന്തികമായി ഭാഷയെ അതിന്റെ പ്രശ്നാധിഷ്ഠിത ചക്രവാളമായി നിർണയിക്കും. / പൂർണമായി അത് തീർച്ചയാവും അങ്ങനെ ചെയ്യുന്നതെന്തുകൊണ്ടെന്നാൽ എല്ലാ ആഗ്രഹങ്ങളും ഭാഷയുടെ കളിയിൽ നിന്ന് പേർപെട്ട് സ്വയം അതിൽ തന്നെ മുഴുവാനായും , കൂട്ടാതെ അതേ കാരണക്കൊണ്ട് തന്നെ , ഭാഷ തന്നെ തന്റെ ജീവിതത്തിൽ അപകടത്തിലാണ് ,രക്ഷയില്ലാതെ , പരിധിയില്ലയ്മയുടെ അപകടത്തിൽ പൊങ്ങിക്കിടക്കുകയാണ്, അതിന്റെ പരിധികൾ അപര്യക്ഷമാക്കൻ തുടങ്ങുന്ന അതേ നിമിഷത്തിൽ തന്നെ അതിന്റെ പരിധിക്കുമ്പിലേക്കും സ്വയം മടങ്ങുകയും ചെയ്യും, അപ്പോഴത് സ്വയം നിർണ്ണയിക്കും ,വെരുങ്ങും , അനന്തമായ അത്ഥ പ്രതീകങ്ങളുടെ (സൂചിതം) ആധിത്യത്തെ ഉറപ്പിച്ച കൊണ്ട്

ഗ്രഹിക്കാനാകാത്ത ഒരു സാവധാനമായ ചലനത്തിലൂടെ, ഇരുപത്തൂറ്റാണ്ടുകളോളം ത്വരിക്കുകയും വിജയകരമായി ഭാഷയുടെ പേരിൽ സഞ്ചിതമായിതീർന്നിരിക്കുന്നതെല്ലാം സ്വയം സ്ഥാനാന്തരണത്തിന് തുടങ്ങുകയാണ്, ഏറ്റവും കുറഞ്ഞത് സംഗ്രഹീതമായിരിക്കുന്ന ,എഴുത്തെന്ന പേരിൽ. മനസ്സിലാക്കാൻ കഴിയാത്ത അത്യാവശ്യത്തിൽ ,അത് എഴുത്തെന്ന സങ്കല്പനമായി

കാണപ്പെടുന്നു, പ്രത്യേകമായി എന്തിനെയെങ്കിലും സൂചിപ്പിക്കാതെ, ഉല്പന്നമാകാതെ, ഭാഷയുടെ പൊതു സഹരൂപങ്ങളായി (ആശയവിനിമയം, ബന്ധം, പ്രകടനം, അർത്ഥം, അർത്ഥരൂപികരണമോ, ചിന്തയോ.etc ഒക്കെയായി), പുറം പാളിയുടെ അർത്ഥബോധം ഉണ്ടാക്കാത്ത, ഒരു പ്രധാന സൂചിതത്തിന്റെ അശക്തമായ ഇരട്ടിപ്പായി,സൂചകത്തിന്റെ സൂചകമായി , ഭാഷയുടെ അനുബന്ധത്തിനുമപ്പുറമായി പോകാൻ തുടങ്ങുന്നു. ശ്രദ്ധിക്കേണ്ടത് "എഴുത്ത്"(writing) എന്ന വാക്ക് ഒരു സൂചിതത്തിന്റെ സൂചകമായി അവസാനിക്കുന്നില്ല,എങ്കിലും അങ്ങനെ കാണപ്പെടുന്നു, അപരിചിതമായി തോന്നുന്നു, "സൂചിതത്തിന്റെ സൂചകം"അപ്രതീഷിതമായി ഇരട്ടിപ്പായോ അപ്രധാനമായതായോ നിർവചിക്കപ്പെടില്ല. "സൂചകത്തിന്റെ സൂചിതം",ഇതിൽ നിന്ന് വ്യത്യസ്തമായി ഭാഷയുടെ ചലനത്തെ വിശദീകരിക്കും :അതിന്റെ ഉല്പത്തിയിൽ കൃത്യമായും ഒരാൾക്കും സംശയിക്കാൻ കഴിഞ്ഞിരിക്കും , "സൂചകത്തിന്റെ സൂചകം" എന്ന ഘടനയുള്ള ഉല്പത്തി , ഉല്പദാനത്തിൽ തന്നെ ഘടനയെ മറയ്ക്കുകയോ മായ്ച്ചുകളയുകയോ ചെയ്യുന്നതാണ്. എഴുത്തിന് കല്പിച്ചുകൊടുത്ത രണ്ടാം സ്ഥാനം സൂചിത (signified)ത്തെയാകെ സാമാന്യമായി ബാധിക്കുന്നു , എല്ലായ്പ്പോഴും പൂർണമായും , ആ നിമിഷം അവ കളിയുടെ ഭാഗമായി തിരുകയാണ്. ഒരു സൂചിതവും രക്ഷപ്പെടുന്നില്ല ,പിടിക്കപ്പെട്ടാലും സൂചിതത്തിന്റെകളി സൂചിപ്പിക്കുന്നതാണ് ഭാഷയുടെ ഘടന . എഴുത്തിന്റെ വരവാണ് കളിയുടെ വരവും ; ഇന്ന് അത്തരമൊരു കളി സ്വയം വന്നു ചേരുകയാണ്, ഒരാൾ ചിഹ്നങ്ങളുടെ ചംക്രമണത്തെ നിയന്ത്രിക്കാൻ തുടങ്ങുന്നതിനു മുൻപേ പരിധികൾ മായ്ച്ച് കളഞ്ഞ് , എല്ലാ തീർച്ചയുള്ള സൂചിതങ്ങളേയും വഹിച്ചുകൊണ്ട്, എല്ലാ ബലതന്ത്രങ്ങളേയും കുറച്ചുകൊണ്ട് , ഭാഷാ ക്ഷേത്രത്തെ നിരീക്ഷിക്കുന്ന എല്ലാ നിരീക്ഷണ സ്ഥാനങ്ങളേയും പൊട്ടിച്ചെറിഞ്ഞുകൊണ്ട്. ഇത്, കൃത്യമായി പറഞ്ഞാൽ , 'ചിഹ്നം'(sign)എന്ന സങ്കല്പത്തേയും അതിന്റെ യുക്തിയേയും തകർക്കാൻ തകർക്കാൻ ശക്തിമത്താണ് . ഭാഷ എന്ന സങ്കല്പനം അതിന്റെ വരമ്പുകളെയാകെ മായ്ച്ച് കൊണ്ട് പുതിയ തലങ്ങൾ തേടുന്നത്,തീർച്ചയായും, ആകസ്മികമല്ല, തടസ്സങ്ങളുടെ

ആധിക്യമാണ് അതിന്റെ കാരണം. ഈ തടസ്സങ്ങളുടെ പെരുത്തതിനും മായ്ക്കലിനും ഒരേ അർത്ഥമാണ്. ഒരേ പ്രതിഭാസമാണ് അത്. പാശ്ചാത്യമായ ഭാഷാ സങ്കല്പനം എങ്ങനെ ആയിരുന്നാലും (ദ്വന്ദ്വാത്മകവും നിശ്ചിതവും പ്രശ്നാധിഷ്ഠിത വിപരീതങ്ങളുമായ.parole (speech)/ langue(language), വിശേഷഭാഷയിൽനിന്ന് അടിസ്ഥാനഭാഷയിലേക്ക് ഘടിപ്പിക്കുന്ന language/ voice/ hearing /sound ,breath/speech) അവയെല്ലാം പ്രഥമികമായ എഴുത്തിന്റെ വേഷം മാറലുകളായാണ് ഇന്ന് വെളിപ്പെടുന്നത് : അത് കൂടുതൽ അടിസ്ഥാനപരമായിരിക്കുന്നു, ഈ മാറി ചിന്തക്ക് മുമ്പുള്ളതിനേക്കൾ , "സംസാരഭാഷയ്ക്ക് ഒരു സഹായകം"(supplement) എന്ന റൂസോയുടെ അഭിപ്രായത്തെയും മറികടക്കുന്നു . എഴുത്ത് ഒരിക്കലും ഒരു സഹായകം (supplement) മാത്രമല്ല എന്ന് അധികരിക്കുകയോ, അല്ലെങ്കിൽ വളരെ അത്യാവശ്യമായി 'സഹായകം'എന്നതിന് ഒരു പുതിയ യുക്തി കണ്ടെത്തുകയോ ചെയ്യണം . ഈ ആവശ്യക്തയാണ് റൂസോയെ വീണ്ടും വയിക്കാൻ നമ്മെ നയിക്കുന്നത്.

ഈ വേഷം മാറലുകൾ ഒരാൾക്ക് അനുസ്മരിക്കാനോ ദുഃഖിക്കാനേ തോന്നുന്ന ചരിത്രപരമായ തീർച്ചപ്പെടുത്തലുകളല്ലം അവയുടെ ചലനം പരിപൂർണമായും അത്യാവശ്യമാണ്, ഒരു നിയമസ്ഥാപനത്തിനും വിധിക്കാനാവാത്ത അത്യാവശ്യമാണത് . സ്വനത്തിന്റെ (phone) പ്രാധാന്യം ഒരു നിയമസ്ഥാപനമാകാൻ കഴിയുമാറാവുന്ന ഒരു തെരഞ്ഞെടുപ്പിനെ ആശ്രയിക്കുന്നില്ല . അത് ഒരു നിമിഷത്തിന്റെ ലാഭത്തിനോടുള്ള (a moment of economy) പ്രതികരണമാണ് ('ചരിത്രം'ത്തിന്റെ 'ജീവിതം'എന്നോ 'നിലനിൽപ്പ് എന്നാൽ പരസ്പര ബന്ധം'എന്നോ പറയുന്നതുപോലെ). "കേൾക്കുക (മനസ്സിലാക്കുക ) ഒരാൾ പറയുക"എന്ന വ്യവസ്ഥ സ്വന തന്മാത്രകളിലൂടെ –അത് അതിനെത്തന്നെ ആന്തരികമായി അവതരിപ്പിക്കുന്ന പ്രപഞ്ചികമാണത് അത് കൊണ്ട് തന്നെ നിരീക്ഷണ പദമല്ലാത്തതോ അല്ലെങ്കിൽ പൂർവ്വ നിർണ്ണിതമല്ലാത്തതോ ആയ സൂചകമാണ് . അത്യാവശ്യമായി ലോക ചരിത്രത്തെയാകെ ഒരു കാലാഘട്ടത്തിൽ അടക്കിഭരിച്ചിരുന്നു, ലോകം എന്ന ആശയത്തെ

തന്നെ ഉല്പാദിപ്പിച്ചിരുന്നു, ലോകാരംഭം എന്ന ആശയത്തെയും, അത് ഉയർന്നുവന്നത് ലൗകികം, അലൗകികം എന്ന വ്യത്യാസത്തിൽ നിന്നാണ്, പുറവും അകവും തന്നെ, ആദർശാക്മവും അനാദർശാക്മവും, അപ്രാപഞ്ചികവും അപ്രാപബികവും ആധിഭൗതികവും നിരീക്ഷണാത്മകവും ,ect

ക്രമമല്ലാത്തതും അപായകരവുമായ ഒരു വിജത്തോടെ, ഈ ചലനാത്മകത വ്യക്തമായി ത്വരിക്കുന്നത്, അതിന്റെ കൃത്യമായ ലക്ഷ്യത്തിലേക്കാണ്, എഴുത്തിനെ ഒരു രണ്ടാം പദവിയിലും ഭൗതിക ചര്യയിലും ഒതുക്കാനായി:ഒരു സമ്പൂർണ സംഭാഷണത്തിന്റെ അവതരണത്തിന്റെ വിവർത്തകനായി (അതിനോടുതന്നെയുള്ള അവതരണം, അതിന്റെ തന്നെ സൂചിതത്തോട് ,മറ്റൊന്നിനോട്, അവതരണ വിഷയത്തിന്റെ പ്രത്യേക അവസ്ഥയോട് ) ഭാഷാപ്രവർത്തനത്തിന്റെ സാങ്കേതികതകൾ പറച്ചിലുകാരൻ,വ്യാഖ്യാനത്തിൽ നിന്ന് സംരക്ഷിച്ച് നിർത്തിയിരിക്കുന്ന യഥർത്ഥ സംഭാഷത്തിന്റെ വ്യാഖ്യാതാവ്.

ഭാഷാ പ്രവർത്തനത്തിലെ സാങ്കേതികതകൾ :നമുക്ക് ഏറെ പരിചിതമായതും എഴുത്ത് എന്ന സങ്കുചിതവും ചരിത്രപരമായി നിർണ്ണീതവുമായ എന്ന സങ്കല്പനത്തെ ഉദാഹരണമായി മനസ്സിലാക്കാൻ സഹായിക്കുന്നതുമായ സാങ്കേതികതയുടെ സത്തതയ ഞാൻ മുന്നോട്ടുവയ്ക്കുകയല്ല. ഇതിനു വിപരീതമായി എഴുത്തിന്റെ അർത്ഥത്തേയും ഉത്ഭവത്തേയും സംബന്ധിച്ച ചില ചോദ്യങ്ങൾ തുടരുന്നു, അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് വിലയിപ്പിക്കുന്നു, സാങ്കേതികയുടെ ഉത്ഭവത്തേയും അർത്ഥത്തേയും കുറിച്ച് ചില പ്രത്യേക തരം ചോദ്യങ്ങൾ. അതുകൊണ്ടാണ് സാങ്കേതികത എന്ന വിശ്വാസത്തിന് ലളിതമായി എഴുത്ത് വിശ്വാസത്തെ ഒരിക്കലും വിശദീകരിക്കാനാവാത്തത് .

അതുകൊണ്ട് എന്തൊക്കെയായലും നാം ഭാഷയെന്ന് വിളിക്കുന്നത് അതിന്റെ ഉത്ഭവത്തിലും അവസാനത്തിലും ഒരു നിമിഷമാകാനേ കഴിയൂ, ഒരു സത്തയാണ് , പക്ഷേ രീതി

നിർണ്ണീതമാണ് ,ഒരു പ്രതിഭാസം ,ഒരു പ്രത്യേകത ,എഴുത്തിന്റെ ഒരു സംവർഗം . നമ്മെ ഇക്കാര്യം വിസമരിപ്പിക്കുന്നതിലും അത് വിജയിച്ചിരിക്കുന്നു എന്നു വരികിലും ഇച്ഛയോടെ തന്നെ. വഴിതെറ്റിക്കുന്നു, ഒരു സഹസികമായ പ്രയാണത്തിൽ മാത്രം: ആ സാഹസികതയിൽ തന്നെ മൊത്തത്തിൽ ഒരു ചെറിയ സാഹസികത - ഏകദേശം മൂവായിരം വർഷത്തെ സാങ്കേതികയും ശബ്ദകേന്ദ്രിതത്വവും ആധിഭൗതികവും ഇടകലർന്ന ചരിത്രവുമായി അത് ലയിച്ചിരിക്കുന്നു അത് ഇപ്പോൾ അതിന്റെ തന്നെ നാശത്തെ സമീപിക്കുകയാണ് ; പ്രത്യേക സാഹചര്യത്തിൻ കീഴിൽ -മറ്റുള്ള ഉദാഹരണങ്ങൾക്കിടയിൽ ഒന്നുമാത്രമല്ല ഇത് –പുസ്തകത്തിന്റെ സംസ്കൃതിയുടെ മരണം, അതിനെ ക്കുറിച്ച് ധാരളം പറഞ്ഞുകഴിഞ്ഞതാണ് .അത് പ്രത്യേകിച്ചും ലൈബ്രറികളുടെ എണ്ണത്തിലുണ്ടാകുന്ന പെട്ടെന്നുള്ള എണ്ണക്കൂടുതലിലൂടെ വെളിപ്പെടുന്നുമുണ്ട്. ഏല്ലാം വൈരുദ്ധ്യമായാണ് പ്രരടമാകുന്നത്, ഈ പുസ്തകത്തിന്റെ മരണം സംശയ ലേശമന്യേ വിളംബരം ചെയ്യുന്ന (ഒരു പ്രത്യേക വീക്ഷണത്തിൽ എപ്പോഴും വിളംബരം ചെയ്യുന്നു) സംസാരത്തിന്റെ മരണമല്ലാതെ മറ്റൊന്നുമല്ല (സമ്പൂർണമായ സംഭാഷണം എന്ന് വിളിക്കപ്പെടുന്നതുതന്നെ )

എഴുത്തിന്റെ ചരിത്രത്തിലെ പുതിയ വ്യതിയാനം (mutation), ചരിത്രം എന്ന എഴുത്തിലും. ഏതാനും നൂറ്റാണ്ടുകളുടെ അകലത്തിൽ അത് പ്രഖ്യാപിതമായിരുന്നു. ആ അളവിലാണ് നാം തീർച്ചയായും അതിനെ ഇവിടെ പരിഗണിക്കുന്നത് , നാനാത്വ മുഖരിതമായ ഒരു ചരിത്രഘട്ടത്തിന്റെ ഗുണത്തെ അവഗണിക്കാതിരിക്കാൻ നമ്മൾ ശ്രദ്ധാലുക്കളാകണം :വേഗത എത്രത്തോളമോ, അത്രത്തോളമാണതിന്റെ ഗുണപരമായ അർത്ഥവും, ഒരാൾക്ക് ശരിയാവാനും തെറ്റാവാനും തുല്യസാധ്യതയുള്ളതാണ് അത്; ഭൂതകലാതാളങ്ങളുടെ ശ്രദ്ധേയമായ വിലയിരുത്തലിൽ .

ഈ രീതിയിൽ നമുക്ക് ഉറപ്പിച്ച് പറയാവുന്നത് എഴുത്തെന്ന സങ്കല്പനം ഭാഷായിലൂടെയുള്ള മനസ്സിലാക്കലിനേയും അതിക്രമിക്കുകയും ഭാഷയുടെയും എഴുത്തിന്റെയും എന്തെങ്കിലും

തരത്തിലുള്ള ഒരു നിർവചനത്തെ നിർദ്ദേശിക്കുകയും ചെയ്യുന്നു. അതിനെ നാം നീതികരിക്കാൻ ശ്രമിച്ചില്ലെങ്കിൽ ,നാം നേരത്തെ സൂചിപ്പിച്ച പെരുക്കത്തിന്റെ ചലനാത്മകതയിൽ നാം സമർപ്പിക്കുകയാണ്,അത് 'എഴുത്ത്' എന്ന വാക്കിനെ അതിക്രമിക്കും ,അത് യാദൃശ്ചികമായി സംഭവിച്ചതുമല്ല . കുറച്ച് കാലമായി, ഒരു യാഥാർത്ഥ്യമെന്നനിലയിൽ, അവിടെയുമിവിടെയും, ചില ഭാവപ്രകടനങ്ങൾകൊണ്ടും അത്യാവശ്യപരമായ ഉൾപ്രേരണകൾ കൊണ്ടും, അതിന്റെ അവസ്ഥാന്തരണത്തെ എളുപ്പത്തിൽ അവഗണിക്കുന്നതാണ് അതിന്റെ ഉത്ഭവത്തെ വെളിപ്പെടുത്തുന്നതിനേക്കാൾ എളുപ്പം, ഒരാൾ പറയുന്ന "ഭാഷ" പ്രവർത്തനത്തിനുവേണ്ടി, ചലനത്തിനായി, ചിന്തയ്ക്കായി, പ്രതിഫലനത്തിനായി, ബോധത്തിനായി, അബോധത്തിനായി, അനുഭവത്തിനായി, etc...നാം ഇപ്പോൾ പറയാൻ ശ്രമിക്കുന്നത് എഴുത്ത് അതിനെല്ലാം വേണ്ടിയും അതിനു മേറെയും വേണ്ടിയാണ്: സാഹിത്യവർണ്ണനകളിലേയും തത്വചിന്താ വിവരണങ്ങളില്ലേയും ശാരീരിക ചേഷ്ടകളെ തിരിച്ചറിയാൻ മാത്രമല്ല, അതിന്റെ പൂർണതയെ എന്താണ് സാധ്യമാക്കുന്നത്, കൂടാതെ, പ്രതീകമുഖത്തിനപ്പുറം പ്രതീതമുഖം തന്നെ. അതുകൊണ്ട് നമ്മൾ പറയുന്ന 'എഴുത്ത്' അതിനെ ഒരു എഴുതിവയ്ക്കൽ എന്ന് വിശ്വസിക്കുന്നവരോട് ,അത് സാഹിത്യപരമോ അല്ലെങ്കിൽ സ്ഥലത്ത് വ്യാപരിക്കുന്ന അവസ്ഥയിലോ അത് ശബ്ദത്തിന്റെ അവസ്ഥയ്ക്ക് അന്യമാണ് : സിനിമാ ചിത്രീകരണം ,വസ്ത്രാലങ്കാരം തീർച്ചയായും ചിത്ര രചനപരമായ ,സംഗീതപരമായ ,ശില്പപരമായ "എഴുത്ത്. "ചിലർ കായികരചനയെക്കുറിച്ച ; (Athletic)കൂടുതൽ തീർച്ചയോടെ സൈനികവും അല്ലെങ്കിൽ രാഷ്ട്രീയപരമായ രചനയെക്കുറിച്ചും ആ മേഖലയിലെ സാങ്കേതികമായ രീതിയെ ഇന്നത്തെ അവസ്ഥയിൽ കണ്ടും പറഞ്ഞേക്കാം . ഇതൊല്ലാം വിവരിച്ചത് ഈ പ്രവർത്തനങ്ങളോട് അനുബന്ധമായ മുദ്രണങ്ങളെ അടിസ്ഥാനമാക്കി മാത്രമല്ല ഈ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തേയും സത്തയേയും പ്രവർത്തനങ്ങളെ തന്നെയും പരിഗണിച്ചാണ് .ഈ പ്രത്യേക അർത്ഥത്തിൽ സമകാലികനായ ഒരു ബയോളജിസ്റ്റ് (ജീവശാസ്ത്രകാരൻ ) എഴുത്തിനേയും പദ്ധതി

(Program)യേയും കുറിച്ച് ഒരു ജീവിയുടെ കോശങ്ങൾക്കകത്തെ അടിസ്ഥാനപരമായ വിവരപ്രവർത്തനങ്ങളെ ബന്ധിപ്പിച്ചായിരിക്കും സംസാരിക്കുക. അവസാനമായി, സത്താപരമായി അതിന് പരിധികളുണ്ടോ, സൈബർനെറ്റിന്റെ എല്ലാ മേഖലകളും പൂർണമായി കാർന്നെടുത്തിരിക്കുന്നത് എഴുത്താണ്. സൈസർനെറ്റിക് സിദ്ധാന്തം എല്ലാ ആധിഭൗതിക സങ്കല്പനങ്ങളെയും പുറന്തള്ളുകയാണെങ്കിൽ - ആത്മാവ് ,ജീവിതം ,മൂല്യം , തെരഞ്ഞെടുപ്പ് , ഓർമ്മ ഉൾപ്പെടെയെല്ലാം ഇക്കാലം വരെയും അത് യന്ത്രവും മനുഷ്യനും തമ്മിൽ വേർതിരിച്ചിരുന്നു.അത് തീർച്ചയായും എഴുത്ത്, അടയാളം ,വര, എന്നീ വിശ്വാസങ്ങളേയും സംരക്ഷിക്കും, അതിന്റെ സ്വന്തം ചരിത്രപരവും-ആധിഭൗതികവുമായ പ്രത്യേകതകൾ വെളിപ്പെടും വരെ .മാനവൻ എന്നോ അമാനവൻ എന്നോ നിർണ്ണയിക്കപ്പെടുന്നതിന് മുൻപ് (മനുഷ്യൻ കല്പിച്ച് നൽകിയിട്ടുള്ള എല്ലാ പ്രത്യേകതകളോടും കൂടിയും അതിന് അർത്ഥം നൽകുന്ന പ്രത്യേക വ്യവസ്ഥയും ഉൾപ്പെടെ). വര -അല്ലെങ്കിൽ അങ്കനം- എന്ന പേരിലറിയപ്പെട്ടു. ലളിതമല്ലാത്ത ഒരു മൂലകം . ഒരു മൂലകം ,ഒരു മാധ്യമമെന്നോ കുറവല്ലാത്ത ഒരു ആറ്റമെന്നോ കരുതാവുന്ന, അതിപ്രാചീനഉദ്ഗ്രഥനത്തിന്റെ സൃഷ്ടി .അതുകൊണ്ടാണ് ഓരോരുത്തരും ആധിഭൗതികത്തിന്റെ ലോകത്തിലെ വിപരീതങ്ങളിൽ(ദ്വന്ദ്വം) സ്വയം നിർവ്വചിക്കാൻ കഴിയാതെ വിലക്കിലാകുന്നത്, അതുകൊണ്ടാണ് സന്ദർഭങ്ങളിൽ ഒരാൾക്ക് അനുഭവം എന്ന് വിളിച്ചുപറയാനായിരിക്കുന്നത്, അതാണ് അർത്ഥത്തിന്റെ ഉത്ഭവസ്ഥാനമെന്ന് പൊതുവെ പറയാവുന്നത് .

ഈ അവസ്ഥ ഇതിന് മുൻപ് തന്നെ വിളംബരം ചെയ്തിട്ടുള്ളതാണ് . ഇന്ന് ഇത് എന്തുകൊണ്ടാണ് അതിന്റെ പ്രവർത്തനത്തെ അതുപോലെ എന്നും യാഥാർത്ഥത്തിനു പിറകെ എന്നും അറിയപ്പെടുന്നത് ? അനന്തമായ ഒരു അപഗ്രഥനം ഈ ചോദ്യം അവശ്യപ്പെടുന്നു. വളരെ ലളിതമായ പ്രഥമിക ചിന്തകളിലൂടെ പരിമിതമായ ചില നിർദ്ദേശങ്ങളിൽ സ്വയം ബന്ധിതനാകാൻ എന്നെ അനുവദിക്കുക . ഞാൻ സൈസാന്തിക ഗണിതത്തെ സൂചിപ്പിക്കുകയാണ്. അതിന്റെ എഴുത്ത് -അതിനെ

ഒരു എഴുത്തുരീതിയായാണോ (അതിന് മുൻപേ ഒരു തനിമ ഉണ്ടോ , അതുകൊണ്ട് ഒരു ആദർശപരത അതിന്റെ തന്നെ രൂപത്തിൽ ,തത്വത്തിൽ അസംബന്ധമായതും സാധാരണ സമ്മിതവുമായ " അർത്ഥവത്തായ സൂചകം") അതോ ആദർശാത്മകമായ സൂചിതങ്ങളുടെ ഉദ്ഗ്രഥനമായാണോ മനസ്സിലാക്കുന്നത് അതോ മറ്റൊരുതലത്തിൽ പ്രവർത്തിക്കുന്ന അടയാളം (trale)മായാണോ അതിനെ മനസ്സിലാക്കുന്നത്, കൂടുതൽ കരുത്തോടെ, മറ്റൊന്നിലേക്കുള്ള വഴിയായണോ – അതൊരിക്കലും പൂർണമായി സ്വനോത്പാദനവുമായി ബന്ധപ്പെടുന്നതേയില്ല .സ്വനിമ എഴുത്ത് എന്നറിയപ്പെടുന്നത് പ്രവർത്തികമായ സംസ്കാരങ്ങളിൽ ഗണിതം ഒരു സംരക്ഷിത സ്ഥാനം മാത്രമല്ല . ഇക്കാര്യം എഴുത്തിന്റെ ചരിത്രകാരൻമാരെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്;അവർ അക്ഷരമെഴുത്തിന്റെ (Alphebetic writing)അപൂർണതകളെ ഓരേ സമയം സ്മരിക്കുന്നു ,അത് ദീർഘമായതും ഏറ്റവും അനുയോജ്യമായതും "ഏറ്റവും ബൗന്ധികവുമായ"എഴുത്തിന് വഴിമാറി . ഈ സുരക്ഷിതസ്ഥാനം (enclave)ആന്തരികമായും; വർദ്ധിച്ചതും അതികഠിനവുമായ ആദർശാത്മക സ്വനിമിക എഴുത്തിനാലും അതിന്റെ ആധിഭൗതികത്താലും വെല്ലുവിളികൾ നേരിടുന്ന ശാസ്ത്രീയ ഭാഷയുടെ സ്ഥലമാണ് ; പ്രത്യേകിച്ചും അതായത് , തത്വചിന്തപരമായ ശരിയറിവ് (episteme) എന്ന ആശയം ; കൂടാതെ ഗവേഷണപഠനം (Isotoria) ,ഏകാത്മകമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനിടയിലും ഒന്ന് മറ്റൊന്നിൽ നിന്നും വേർതിരിച്ചറിയാൻ കഴിയുന്ന വിധം വേർതിരിവും എതിർപ്പും ഉണ്ടെങ്കിൽ പോലും അതിനോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു സങ്കല്പനം .ചരിത്രവും അറിവും (Istoria and episteme)എല്ലായ്പ്പോഴും നിർണിതമാണ് (നിരുക്തപരമായും തത്വചിന്താപരമായും) അത് പ്രതിനിധാനത്തിന്റെ പുനർനിർണയത്തിനായി വളഞ്ഞവഴി സ്വീകരിക്കുകയാണ്.

എങ്കിലും സൈദ്ധാന്തിക ഗണിതത്തിനുമപ്പുറം, അറിവിന്റെ തിരിച്ചുവരവിന്റെ പ്രയോഗിക രീതികളിലുണ്ടായ വികാസം, സന്ദേശം (message)ത്തിന്റെ സാധ്യതകളെ ധാരാളമായി വർദ്ധിപ്പിച്ചു .ഭാഷയുടെ "എഴുതപ്പെട്ട"വിവർത്തനം എന്ന

അവസ്ഥയ്ക്കപ്പുറത്തേക്കാണാത് ,അതിന്റെ സമഗ്രതയിൽ തന്നെ പറയാൻ കഴിയുന്ന ഒരു സൂചിതത്തിന്റെ വഹിക്കലാണത്. സ്വനലേഖനത്തിന്റെ വികാസത്തോടും സംഭാഷണഭാഷയുടെ എല്ലാ സംരക്ഷണ മാർഗങ്ങളോടും കൈയോടു കൈ കോർത്താണ് അത് പോകുന്നത്, ഭാഷകന്റെ സാന്നിധ്യമില്ലാതെ തന്നെ അതിനെ അത് പ്രവർത്തിപ്പിക്കും. ഈ വികാസം നരവംശശാസ്ത്രത്തോടും എഴുത്തിന്റെ ചരിത്രത്തോടും ഇണചേരുന്നു. നമ്മെ സ്വനിമ രചന എന്തെന്ന് പഠിപ്പിക്കുന്നു, മഹത്തായ പടിഞ്ഞാറൻ ആധിഭൗതികവും ശാസ്ത്രീയവും ,സാങ്കേതികവും സാമ്പത്തികവുമായ സാഹസികതയുടെ മാധ്യമമാണത്, സ്ഥലത്തിന്റെയും സമയത്തിന്റെയും പരിധികളിലും അതിന്റെ തന്നെ പരിമിതികളിലും ഒതുങ്ങുകയും അത് തന്നെ രക്ഷപ്പെട്ടുവന്ന സാംസ്കാരിക മേഖലകളിലേക്ക് അതിന്റെ തന്നെ രീതികളേയും പ്രവർത്തനങ്ങളേയും അത് അടിച്ചേൽപിക്കുകയും ചെയ്യുന്നു. പക്ഷേ സൈസർനെറ്റിക്സിന്റെയും എഴുത്തിന്റെ മാനുഷിക ശാസ്ത്രങ്ങളുടെയും ഈ ആകസ്മികമല്ലാത്ത ഒത്തുചേരൽ ഏതു ശക്തമായ ദിശാവ്യതിയാനത്തിന് (reversal)കാരണമാവും.

## സൂചകവും സത്യവും

"യുക്തിപരത" -എങ്കിലും, എന്നിരുന്നാലും ആ വാക്ക് തീച്ചയായും ; ഈ വാക്യത്തിന്റെ അവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന ചില പ്രത്യേക കാരണങ്ങളാൽ ഈ വാക്യത്തിന്റെ അവസാനമാകുമ്പോഴേക്കു നിശ്ചയമായും ഉപേക്ഷിക്കേണ്ടിവരും .അത് എഴുത്തിനെ ഭരിക്കുകയും അങ്ങനെ വികസിപ്പിക്കുകയും അടിത്തറയിളക്കുകയും ചെയ്യുന്നു, ശബ്ദകേന്ദ്രീതമായി (logos) ഇനി തുടരില്ല. കൂടാതെ, അത് നാശം തുടങ്ങിവെയ്ക്കുന്നു, തച്ചുതകർക്കലല്ല അടവുകളുടെ പുനഃക്രമീകരണമാണ അപനിർമാണമാണ്, എല്ലാപ്രതീതാർത്ഥ രൂപീകരണങ്ങളുടേയും (significations) ഉത്ഭവസ്ഥാനം; ശബ്ദകേന്ദം (logos) തന്നെ .പ്രത്യേകിച്ചും സത്യത്തിന്റെ (truth) പ്രതീതർത്ഥരൂപീകരണം സത്യത്തിന്റെ എല്ലാ ആധിഭൗതികമായ നിർണയനങ്ങളും, ഹൈദഗർ നമ്മെ ഓർമ്മിപ്പിക്കുന്ന

ആധിഭൗതിക ത്തിന്റെ സത്താശാസ്ത്രത്തിനും പിന്നിലുള്ള ഒന്ന് പോലും കുറഞ്ഞോ കൂടിയോ ശബ്ദകേന്ദ്രീതത്തിന്റെ (logos)തിൽ നിന്ന് പെട്ടെന്ന് വേർപ്പെടുത്താനാകാത്തതാണ്, അല്ലെങ്കിൽ, ലോഗോസിന്റെ യുക്തി വിചാരത്തിന്റെ ചിന്താപദ്ധതിയിൽ നിന്ന് തന്നെ, എന്ത് അർത്ഥ തലത്തിൽ നിന്ന് അതിനെ മനസ്സിലാക്കാം: സോക്രട്ടിസീന് മുമ്പുള്ളതോ അതോ തത്വചിന്താപരമായ അർത്ഥത്തിലുള്ളതോ, ഹെഗലിനു മുമ്പുള്ളതോ അതോ ഹെഗലിനുശേഷമുള്ളതോ ഈ ശബ്ദകേന്ദ്രീതവ്യൂഹത്തിൽ, യഥാർത്ഥവും ആവശ്യവുമായ അതിന്റെ സ്വനവുമായുള്ള ബന്ധം ഒരിക്കലും തകരുന്നില്ല. ഇതിനെ വിശദീകരിക്കുക എളുപ്പമാണ് .അത്തരത്തിലുള്ള ഒരു വിശദീകരണത്തിന് ഞാൻ പിന്നേട്ട് ശ്രമിക്കുന്നതാണ് .ഏറിയോ കുറഞ്ഞോ പരോക്ഷമായി നിർണ്ണയിക്കുമ്പോൾ, സ്വനത്തിന്റെ സത്ത ഏറ്റവും അടുത്ത് നിൽകുന്നത് പോലെയാണ്, അതിനെ 'ചിന്തയോടാണ് (thought);അത് ലോഗോസ് 'അർത്ഥ'വുമായി അടുത്ത് നിൽക്കുന്നത്- ഉല്പാദിപ്പിക്കുന്നു ,അതിനെ വിവരിക്കുന്നു,അതിനെ സംസാരിക്കുന്നു,അതിനെ "സംവിധാനം"( composes)ചെയ്യുന്നു. എങ്കിൽ, അരിസ്റ്റോട്ടിലിന്, ഉദാഹരണമായി, "സംസാരിക്കുന്ന വാക്കുകൾ മാനസികാനുഭവത്തിന്റെ പ്രതീകങ്ങളും എഴുതുന്ന വാക്കുകൾ സംസാരിക്കുന്ന വാക്കുകളുടെ പ്രതീകങ്ങളുംമാണ്". എന്തുകൊണ്ടെന്നാൽ ശബ്ദം , ആദ്യ പ്രതീകങ്ങളുടെ ഉല്പാദകൻ, അതിന് സത്താപരമായും ഏറ്റവും അടുത്തുനിൽകുന്നതുമായഒരു ബന്ധം മനസ്സിനോട് ഉണ്ട് .ആദ്യത്തെ സൂചകത്തിന്റെ ഉല്പാദകൻ, മറ്റുള്ള സൂചകങ്ങളുടെ കൂട്ടത്തിലെ സാധാരണമായ ഒന്നല്ല അത് . അത് സൂചിതർത്ഥം കൊടുക്കുന്നത് "മാനസികാനുഭവ ങ്ങൾക്കാണ്". (mental experiences);അവയാകട്ടെ സ്വയം പ്രതിഫലനാത്മകമായോ അല്ലെങ്കിൽ പ്രകൃത്യായുള്ള സാദൃശ്യം മൂലം മറ്റ് വസ്തുകളെ പ്രതിഫലിപ്പിക്കുകയോ ചെയ്യുന്നു.ജീവിക്കും മനസ്സിനുമിടയിൽ വസ്തുകളും വികാരങ്ങളും, അവിടെ വിവർത്തനത്തിന്റെയോ പ്രകൃത്യായുള്ള സൂചിതാർത്ഥ രൂപികരണത്തിന്റെയോ ഒരു ബന്ധം ഉണ്ട്; മനസ്സിനും ശബ്ദകേന്ദ്രീതത്തിനുമിടയിൽ, പരമ്പാരാഗതമായ പ്രതീക

വൽക്കരണത്തിന്റെ (symbolization) ഒരു ബന്ധം ഉണ്ട്. പരമ്പരാഗത തലം , അത് ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് പ്രകൃതിയുടേയും ആദ്യ പ്രപഞ്ചത്തിന്റെയും സൂചിതാർത്ഥ രൂപീകരണത്തോടാണ്. അത് സംഭാഷണഭാഷയെ ഉൽപാദിപ്പിക്കുന്നു. എഴുത്തുഭാഷ പരമ്പരാഗതതലത്തെ അരക്കിട്ടുറപ്പിക്കുന്നു, മറ്റ് പാരമ്പര്യങ്ങളെ അതിനോട് ബന്ധിപ്പിക്കുകയും ചെയ്യുന്നു.

എല്ലാ മനുഷ്യർക്കും ഒരേ എഴുത്ത് ഇല്ലാത്തതുപോലെ ഒരേ സംഭാഷണ ശബ്ദങ്ങളും ഇല്ല . എന്നാൽ മാനസിക അനുഭവങ്ങൾ, എല്ലാത്തിലും പ്രാഥമികമായത് ഇവയാണ്. എല്ലാ മനുഷ്യർക്കും തുല്യമാണ്,അതുകൊണ്ട് അവയാണ് നമ്മുടെ അനുഭവങ്ങളായ ഇമേജുകൾ മനസ്സിന്റെ വികാരങ്ങൾ വസ്തുക്കളെ പ്രകൃത്യാ പ്രകടിപ്പിക്കുന്നു, ഒരു തരംപ്രാപബികഭാഷയെ നിർമ്മിക്കുന്നു.അതിന് പിന്നേട് സ്വയം മായ്ച്ച് കളയാൻ കഴിയുന്നു. അത് സുതാര്യതയുടെ നിമിഷങ്ങളാണ് .അരിസ്റ്റോട്ടിലിന് ചിലപ്പോഴൊക്കെ അവയെ അപകടമില്ലാതെ ഒഴിവാക്കാൻ കഴിഞ്ഞു. ഓരോ അവസരത്തിലും, ശബ്ദം സൂചിതത്തിന് ഏറ്റവും അടുത്തായിരുന്നു ,അത് കൃത്യമായും അർത്ഥമായോ (ചിന്തയോ അല്ലെങ്കിൽ ജൈവികമോ) അല്ലെങ്കിൽ തീരെ അയവോടെ വസ്തുവായോ നിർണ്ണയിക്കപ്പെട്ടു. എല്ലാ സൂചകങ്ങളും, എല്ലാറ്റിലും ആദ്യമായി എഴുത്ത് സൂചകം ,അവ എന്താണോ ശബ്ദത്തെ നാശമില്ലാത്തവിധം മനസ്സുമായോ അല്ലെങ്കിൽ സൂചിതാർത്ഥത്തിന്റെ ചിന്തയുമായോ ബന്ധിപ്പിക്കുന്നത് എന്നതിനെ പരിഗണിച്ച് ഉല്പത്തിദായകങ്ങളാണ് .നിശ്ചയമായും ആ വസ്തുവിനോടു തന്നെയും (അത് അരിസ്റ്റോട്ടിലിന്റെ മാതൃകയിലോ: അതായത് ,ചെറുതായൊന്ന് ചൂണ്ടിക്കാണിക്കുകയോ അല്ലെങ്കിൽ മധ്യകാല മതചിന്തയുടെ മാതൃകയിലോ, ഉള്ളടക്കത്തെ (res)അതിന്റെ സത്ത (eidos) യിൽ ഉണ്ടായിവന്നതാണെന്ന്, അതിന്റെ ലോഗോസിലുള്ള അർത്ഥചിന്തയിൽ നിന്നോ അല്ലെങ്കിൽ അവിച്ഛിന്നമായ ദൈവത്തിന്റെ ജ്ഞാനത്തിൽ നിന്നോ ) .എഴുത്ത് സൂചകം എല്ലായ്പ്പോഴും സാങ്കേതികവും പ്രതിനിധാനകവും ആയിരിക്കും .അതിന് സംഘടിതമായ ഒരു അർത്ഥം

ഉണ്ടായിരിക്കില്ല. ഈ ഉല്പത്തിദായകത്വമാണ് "സൂചകം"(signifier) എന്ന വിശ്വാസത്തിന് ഉള്ളത് . ചിഹ്നം(sign)എന്ന വിശ്വാസമാകട്ടെ എല്ലായ്പ്പോഴും അതിനുള്ളിൽ തന്നെ സൂചകവും സൂചിതവും തമ്മിലുള്ള വ്യതിയാനം വഹിക്കുന്നു. എന്നിട്ടും സൊഷ്യർ വാദിക്കുന്നു, അവ നിസ്സാരമായി ഒരേ ഇലയുടെ വ്യത്യസ്തമായ രണ്ട് പുറങ്ങളാണെന്ന്. ഈ വിശ്വാസം അതുകൊണ്ട് നിലകൊള്ളുന്നത് ശബ്ദകേന്ദ്രീതത്വത്തിന്റെ (logocentrisen) പാരമ്പര്യത്തിലാണ്. അതാകട്ടെ സ്വനകോന്ദ്രീതത്വവുമാണ് ((phonocentricismn): ജീവിയുടെയും ശബ്ദത്തിന്റെയും പരിപൂർണമായ അടുപ്പം ശബ്ദത്തിന്റെയും അർത്ഥത്തിന്റെ ജൈവികതയുടെയും, ശബ്ദത്തിന്റെയും അർത്ഥത്തിന്റെ ആദർശാത്മകതയുടെയും. ഹെഗൽ ആദർശാത്മകമായി വളരെ വ്യക്തതയോടെ സബ്ദത്തിന്റെ അപരിചിതമായ പ്രമുഖ്യത്തെ വിശദീകരിക്കുന്നുണ്ട്. സങ്കല്പനത്തിന്റെ ഉത്പാദനവും വക്താവിന്റെ സ്വയം പ്രതിനിധാനവും.

ഈ ആദർശാത്മകമായ ചലനം ,അതിലൂടെയാണ് ശബ്ദം; അത് പോലെ സാധാരണ വ്യക്തിത്വം ,ഭൗതികമായ വസ്തു അതിന്റെ ആത്മാവിനെ സ്വയം വെളിപ്പെടുത്തുന്നത്, കാത് അതിനെ സൈസാന്തികമായ രീതിയിൽ സ്വീകരിക്കുന്നുമുണ്ട്, കണ്ണ് അതിന്റെ രൂപവും നിറവും സ്വീകരിക്കുന്നതുപോലെ, അങ്ങനെ വസ്തുവിന്റെ ആന്തരികതയെ ആന്തരികത മാത്രമായിത്തീരാൻ അനുവദിക്കുന്നു. കാത്, ഇതിന് വിപരീതമായി ,വസ്തുവുമായി പ്രയോഗികമായ ഒരു ബന്ധം സ്ഥാപിക്കാതെ തന്നെ ഭൗതികമായ വസ്തുവിന്റെ ആന്തരികമായ കമ്പനത്തിന്റെ ഫലത്തെ ഗ്രഹിക്കുന്നു, ആ ഫലത്തിലൂടെ ഭൗതികമായ രൂപത്തിൽ അതിന്റെ പ്രവർത്തിക്കാത്ത അവസ്ഥയിൽ; അത് തുടരുന്നില്ല, ആത്മാവിന്റെ ആദർശാത്മകമായ പ്രവർത്തനം തന്നെ പ്രകടമാവുകയാണ് .

ശബ്ദത്തെക്കുറിച്ച് സാമാന്യമായി പറയാവുന്നത് സ്വനത്തെ സംബന്ധിച്ച് കൂടുതൽ ഉറപ്പിച്ച് പറയാവുനനതാണ് ,അതിലൂടെ, ഒരാളുടെ ഭാഷണം കേൾക്കുന്നതിലൂടെ (മനസ്സിലാക്കുന്നതിലൂടെ)- അതായതു തകർക്കാനാവാത്ത വ്യവസ്ഥയാണ്. വക്താവ് സ്വയം,

ആദർശാത്മകതയുടെ സത്തയിൽ, അനുഭവിക്കുകയും അതുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു.

സ്വനകേന്ദ്രീതത്വം നിലവിലുള്ളതും ചരിത്രപരമായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നതുമായ സജീവമായ അർത്ഥത്തോട് വിലയിക്കുമെന്നോരു ഭയപ്പെടുത്തുന്ന വിചാരം നിലവിലുണ്ട്, ആ വിലയനം സഹനിർണയനങ്ങളോടും സംഭവിക്കുന്നു; അതാകട്ടെ ഈ പെതുരൂപത്തേയും അതിനുള്ളിൽ അത് രൂപപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥയോയും അതിന്റെ ചരിത്രപരമായ കണ്ണികളേയും ആശ്രയിക്കുന്നു(വസ്തുവിന്റെ കാഴ്ചയിലെ രൂപം (eidos),വസ്തുവായും സത്തയായും അസ്തിത്വമായുമുള്ള നില (ousia),ഒരു പ്രത്യേക സൂചനയിലെ നിലനിൽപ്പ്(stigme),

ഒരു നിമിഷത്തേയോ ഇപ്പോഴത്തോയോ നിലനിൽപ്പ്(nun), ചിന്തയിലൂടെയുള്ള നിലനിൽപ് (cogito)ബോധാവസ്ഥ, വ്യക്തിപരത, സ്വാർത്ഥത്തിന്റെയും (self) പരത്തിന്റെയും (other)പരസ്പരബന്ധിതായ നിലനിൽപ് ,അഹത്തിന്റെ വ്യക്ത്യന്തരത എന്ന ബോധാത്മക പ്രതിഭാസം അങ്ങനെ പലരും).ശബ്ദകേന്ദ്രിതത്വത്തിന് നിലനിൽപിന്റെ സജീവതയെ നിർണയിക്കാൻ സഹായിക്കാൻ കഴിയും .വളരെയെന്നും ഹൈദഗറുടെ ചിന്തയിൽ നിന്ന് പൂർണമായി അത്തരം ശബ്ദകേന്ദ്രീതത്വത്തിന് ഒഴിവാകാൻ കഴിഞ്ഞിട്ടില്ല,എന്നുമാത്രമല്ല അതിപ്പോഴും അതിന്റെ കാലഘട്ടത്തിലെ മത-സത്താവിചാരത്തിൽ അതിന് ഇടവും നൽകുന്നു , പ്രതിനിധാനത്തിന്റെ തത്വചിന്തയിൽ, തത്വചിന്തയിൽ തന്നെ നിന്നുകൊണ്ട് അത് പറയുവാൻകഴിയും .ഇട് വ്യക്തമാക്കുന്നത് ഒരാൾരൂപരേഖ വരച്ചിട്ടിടത്തുതന്നെ ഒരു കാലഘട്ടത്തെ നമുക്ക് ഒടുക്കാനാവില്ല .ഒരു കാലഘട്ടവുമായി ബന്ധപ്പെട്ടതും അല്ലാത്തവയുമായുള്ളവയുടെ ചലനാത്മകത ഏറ്റവും ഉന്നതമാണ്. അതിലെ മായികത ഏറ്റവും ലളിതമായി ഉണ്ടാകാവുന്നതാണ്, അതുകൊണ്ട് തന്നെ ഒരു ഉറച്ച വിധി പ്രഖ്യാപിക്കാനും കഴിയില്ല.

അതായത് ലോഗോസിന്റെ കാലഘട്ടം എഴുത്തിനെ ഒരു വിധികർത്താവിന്റെ വിധികർത്താവായി പരിഗണിക്കുന്നതിനേയും, അർത്ഥത്തിന്റെ ബാഹ്യവൽക്കരണത്തയും, അടിസ്ഥാന മില്ലാത്തക്കിത്തീർക്കുന്നു. ഈ കാലഘട്ടം സൂചകത്തിന്റെയും സൂചിതത്തിന്റെയും വ്യത്യാസം വഹിക്കുന്നു. അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് അവയുടെ "സാമാന്തരിതയിലെ"(parallelism) വ്യതിയാനത്തെ; ബാഹ്യപരതയെ, എങ്ങനെയായാലും നീതികരിക്കുന്നവ, ഒന്ന് മറ്റൊന്നിനോട് എന്ന തരത്തിൽ. ചരിത്രത്തിൽ ഈ സഹായകോപകരണം ശ്രേണിരൂപത്തിൽ സംഘടിതമാകും. സൂചകത്തിന്റെയും സൂചിതത്തിന്റെയും വ്യത്യാസത്തിന്റെ അടിസ്ഥാനം ശക്തവും അന്തർലീനവുമായ മർഗത്തിലൂടെ ആധിഭൗതിക കാലഘട്ടത്തിന്റെ ചരിത്രത്തെ ആകമാനം പരിപൂർണമായി വ്യാപിപ്പിച്ചിരിക്കും, കൂടുതൽ വ്യക്തമായും ക്രമീകൃതമായി ഉച്ചരിക്കപ്പെട്ട നിലയിലും, സങ്കുചിതമായ ക്രിസ്തീയ ഉല്പത്തിപദത്തിന്റെയും (Christian creationism) ജ്ഞാനബന്ധിത വാദത്തിന്റെയും (infinitism) അവ ഗ്രീക്ക് സങ്കല്പനങ്ങളിലെ വസ്തുകളെ അനുസരിക്കുമ്പോൾ .ഈ സഹായകോപകരണത്വം (appurtanance)അത്യാവശ്യവും കുറച്ചുകാണാൻ കഴിയുന്നതുമാണ്; ഒരാൾക്ക് ഒരു സ്റ്റോയികിന്റെ (stoic)സൗകര്യത്തേയോ അല്ലെങ്കിൽ "ശാസ്ത്രീയസത്യ"ത്തേയോ തിരിച്ചുകൊണ്ടു വരാൻ കഴിയില്ല .മധ്യകാലത്തെ അടയാളങ്ങളും (signans)അതിന്റെ അർത്ഥവും (signatum) തമ്മിലുള്ള വിപരീതത്വത്തേയും, അതിലന്തർലിനമായ ആധിഭൗതിക മതാത്മക വേരുകളോയും , ഈ വേരുകളോട് ഒട്ടിച്ചിരിക്കുന്നവയാണ് ഇന്ദ്രിയപരവും ബൗദ്ധികവും (sensible and the intelligible) തമ്മിലുള്ള വ്യത്യാസവും വലിയൊരു സംഭവമാണത്. അവ നിയന്ത്രിക്കുന്നവയും, പേരെടുത്തുപറഞ്ഞാൽ ,ആധിഭൗതികം അതിന്റെ പൂർണതയോടെ തന്നെ. ഈ വ്യത്യാസത്തെ സാമാന്യമായും തെളിവുകളോടു കൂടിത്തന്നെ ഏറ്റവും ശ്രദ്ധാലുക്കളായ ഭാഷാ ശാസ്ത്രകാരൻമാരും ചിഹ്ന ശാസ്ത്രകാരൻമാരും സ്വീകരിക്കുന്നു, തങ്ങളുടെ സംഭാവനകളുടെ ശാസ്ത്രീയത ആരംഭിക്കുന്നുതന്നെ ആധിഭൗതികത

അവസാനിപ്പിക്കുന്നിടത്താണ് എന്ന് വിശ്വസിക്കുന്നവർ പോലും; അതുകൊണ്ട്, ഉദാഹരണമായി :ആധുനിക ഘടനാവാദചിന്ത കൃത്യമായി തിരിച്ചറിഞ്ഞതുപോലെ ഭാഷ ഒരു ചിഹ്നങ്ങളുടെ വ്യവസ്ഥയാണ്. ഭാഷാശാസ്ത്രം ചിഹ്നങ്ങളുടെ ശാസ്ത്രത്തിന്റെ ഭാഗവും പൂർണതയുമാണ്, അല്ലെങ്കിൽ ചിഹ്നശാസ്ത്രം(സൊഷ്യൂറിന്റെ) മധ്യകാലത്തെ ചിഹ്നത്തിന്റെ നിർവ്വചനം –"എന്തെങ്കിലും എന്തിനെങ്കിലുംവേണ്ടി നിലകൊള്ളുന്നത് ("aliquid stat pro aliquo")പുനരുജ്ജീവിക്കുകയും; ഇന്നും മൂല്യവത്താണെന്നും ഉല്പാദകത്വമുണ്ടെന്നും പറഞ്ഞ് മുന്നോട്ട് വയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഏതൊരു ചിഹ്നത്തിന്റെയും ഘടന പൊതുവായും, ഏതെങ്കിലും പ്രത്യേകമായ ഭാഷാശാസ്ത്ര ചിഹ്നവും അതിന്റെ ഇരട്ട സ്വഭാവത്തോട് കൂടിയതാണ്: ഓരോ ഭാഷാശാസ്ത്ര ഘടകവും ദ്വാന്ദ്വാത്മകവും രണ്ട് ഘടകവും ക്രിയാത്മകവുമാണ്-ഒന്ന് ഇന്ദ്രിയാത്മകവും മറ്റേത് ബൗദ്ധികവും ,മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സൂചകവും (signans,സൊഷ്യാറിന്റെ signifiant, "signifier")സൂചിതവും (signatum,signifie of സൊഷ്യാർ, signified") ഭാഷാശാസ്ത്ര ചിഹ്നത്തിനെ ഈ രണ്ട് ഘടകങ്ങൾ (ചിഹ്നങ്ങളാകെയും) പരസ്പരം ആവശ്യവും ആണ്.

എങ്കിലും ഈ ആധിഭൗതികമതാത്മകത വേരുകളികളിൽ മറ്റുചില രഹസ്യാത്മക പരലുകൾ തൂങ്ങിക്കിടപ്പുണ്ട്. ചിഹ്നശാസ്ത്രം അല്ലെങ്കിൽ, കൂടുതൽ കൃത്യമായി ,ഭാഷാപരമായ "ശാസ്ത്രം"അതുകൊണ്ട് സൂചികത്തിന്റെയും സൂചിതത്തിന്റെയും വ്യത്യാസത്തിൽ പിടിച്ചു നിൽക്കാൻ പാടില്ല .ചിഹ്നത്തിന്റെ ആശയം- ഇന്ദ്രിയത്മകതയുടെയും ബൗദ്ധികതയുടെയും വ്യത്യാസമില്ലാതെ ,തീർച്ചയായും മറ്റൊരു തിരിച്ചുവരവില്ലാതെയും, കൂടുതൽ ശക്തമായും ആന്തരീകമായും, ഒരു സൂചിതത്തിന്റെ അർത്ഥത്തിന് അതിന്റെ തന്നെ ബൗദ്ധികതയിൽ "ഉടലെടുക്കാൻ"കഴിയുന്ന രീതിയിൽ ,അത് "നഷ്ടപ്പെട്ടും" മുൻപേ ഗ്രാഹ്യമായത് ബാഹ്യാന്തരത്തിലോക്ക് പുറന്തള്ളപ്പെടുന്നതിനു മുൻപ് തന്നെ. ശ്രുസമായ ബൗദ്ധികതയുടെ തലത്തിൽ ,അത് ആത്യന്തികമായ ഒരു ലോഗോയുമായി ഏകീഭവിച്ചിരിക്കുന്നു.ഈ ആത്യന്തികവും പൂർണവുമായ ലോഗേസ് മധ്യകാല മതശാസ്ത്രത്തിൽ

അഖണ്ഡമായ ഒരു സർഗാത്മക വ്യക്തിത്വമാണ് ചിഹ്നത്തിന്റെ ബൗദ്ധികമായ മുഖം തിരിഞ്ഞിരിക്കുന്നത് വാക്കിലേക്കും ദൈവത്തിന്റെ മുഖത്തേക്കുമാണ്.

തീർച്ചയായും, ഇത്തരം വിശ്വാസങ്ങളെ "തിരസ്കരിക്കുന്ന" അവസ്ഥയല്ല , അവ ഒരു ആവശ്യമാണ് . കുറഞ്ഞത് ഇപ്പോൾ അവയില്ലാതെ നമുക്ക് ഒന്നിനേയും ഗ്രഹിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇവിടെ പ്രശ്നം പ്രധാനമായും ഒരാളിലെ വിശ്വാസങ്ങളും ചിന്തയും പ്രവർത്തികളും തമ്മിലുള്ള ഐക്യത്തെ നിരുപദ്രവപരമായി വേർപെടുത്തുന്നതിന്റെയാണ് . ചിഹ്നത്തിനും മഹിമയ്ക്കും(divinity) തുല്യസ്ഥാനമാണ് .ജൻമസ്ഥാനവും സമയവും ചിഹ്നത്തിന്റെ പ്രായം തന്നെ സത്താപരമായി മതപരമാണ് അതൊരിക്കലും അവസാനിക്കാനും പോകുന്നില്ല.അതിന്റെ ചരിത്രപരമായ പര്യവസാനത്തെ എന്തായാലും വരച്ചിട്ടിട്ടുണ്ട്. അവ ഉൾക്കൊള്ളുന്ന സംസകാരബന്ധത്തെ തകർക്കാൻ ഈ സങ്കല്പങ്ങൾ ഏറ്റവും അവശ്യമാണെന്ന് വന്നിട്ട് പോലും ,അവയെ തള്ളിപ്പറയാൻ നമ്മൾ ഏറെ വിമുഖതയുള്ളവരായിരുന്നു. അവസാനമായി, ചരിഞ്ഞതും അപകടകരവുമായ ഒരു ചലനത്തിലൂടെ അപനിർമ്മിക്കുന്നതിലേക്ക് തന്നെ നിരന്തരം പുറം തിരിഞ്ഞ് വീഴുമെന്ന അപായത്തിലൂടെ വിമർശനാത്മകമായ സങ്കല്പനങ്ങളെ ശ്രദ്ധയോടെ പ്രത്യേക വ്യവഹാരത്തിലൂടെ വലയം ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു . വ്യവസ്ഥകൾ അടയാളപ്പെടുത്താൻ, മാധ്യമത്തെയും അവയുടെ ഫലത്തിന്റെ പരിമിതികളോയും , അവയുടെ ഏറ്റവുമടുത്ത വ്യവസ്ഥയോടുള്ള ബന്ധത്തേയും, ഏറ്റവും കഠിനമായി അടയാളപ്പെടുത്തണം, അതിന്റെ അപനിർമ്മാണത്തെ അവതന്നെ അനുവദിക്കും, കൂടാതെ; അതേ പ്രക്രിയയിൽ അവസാനത്തെ ഇടവിട്ട പേരിടാത്തവെളിച്ചത്തിന്റെ അടയാളത്തിലൂടെ വെളിവാക്കുന്ന വിടവിനേയും നിമിഷത്തിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ചിഹ്നമെന്ന സങ്കല്പനം ഇവിടെ ഏററവും മഹത്താണ്. നാമതിന്റെ ആധിഭൗതികമായ സഹായികോപകരണത്വത്തെ രേഖപ്പെടുത്തുകയായിരുന്നു. നമുക്കറിയാം, എങ്ങനെയൊക്കെയായാലും, ഒരു നൂറ്റാണ്ടോളമായി ചിഹ്നത്തിന്റെ പ്രധാന

ചിന്താവിഷയം അർത്ഥം ,സത്യം, സാന്നിധ്യം,നിലനിൽപ്, etc,.......പിൻവലിക്കുന്ന ഉത്കണ്ഠാകുലമായ പാരമ്പര്യമാണ്, അർത്ഥോത്പാദനത്തിന്റെ ചലനത്തിൽ നിന്ന്. സംശയമായി പരിഗണിച്ച്, ഞാൻ ഇപ്പോൾ, സൂചികവും സൂചിതവും തമ്മിലുള്ള വ്യത്യാസത്തെ, അല്ലെങ്കിൽ ചിഹ്നമെന്ന ആശയത്തെ പൊതുവായി ഞാൻ തീർച്ചയായും ഉറപ്പോടെയും പ്രഖ്യാപിക്കുന്നു, നിലവിലുള്ള സത്യത്തിനനുസരിച്ച് ഉന്നയിക്കുന്ന ചോദ്യമല്ല ഇത്, ചിഹ്നത്തിന് മുന്നിലുള്ളതും ബാഹ്യമായതും അല്ലെങ്കിൽ ഉന്നതസ്ഥാനീയമായതും ,അല്ലെങ്കിൽ മയ്യ്ച്കളഞ്ഞ വ്യത്യാസത്തിന്റെ സ്ഥാനത്തെ പരിഗണിച്ചുമാണത്.തികച്ചും വിപരീതമായത്.അത് നമ്മെ ശല്യപ്പെടുത്തുന്നതാണ്,ചിഹ്നത്തിന്റെ സങ്കല്പനത്തിൽ അത് ഒരിക്കലും നിലനിൽക്കാത്തതോ അല്ലെങ്കിൽ സാന്നിധ്യത്തിന്റെ തത്വശാസ്ത്രത്തിന്റെ (pholosophy of presence) ചരിത്രത്തിന് പുറത്ത് പ്രവർത്തിക്കുന്നതോ – വ്യവസ്ഥാപരമായും ഉല്പത്തിപരമായും ചരിത്രത്താൽ നിർണീതമാണ്. അവിടെയാണ് അപനിർമാണത്തിന്റെ സങ്കല്പനവും പ്രവർത്തനവും, ,അതിന്റെ "ശൈലി" (style), പ്രകൃത്യാതന്നെ തെറ്റിദ്ധാരണയ്ക്കും തിരിച്ചറിവില്ലായ്മയ്ക്കും വെളിപ്പെടുന്നതാണ്.

സൂചകത്തിന്റെ ബാഹ്യവൽക്കരണം പെതുവേ എഴുത്തിന്റെ ബാഹ്യവൽക്കരണം തന്നെയാണ്. പിന്നേട് ഞാൻ എഴുത്തിന് മുൻപേ ഭാഷാശാസ്ത്രപരമായ ചിഹ്നമില്ലെന്ന് തെളിയിക്കാൻ ശ്രമിക്കുന്നതാണ്. ആ ബാഹ്യവൽകരണം കൂടാതെ, ചിഹ്നമെന്ന ആശയം നാശത്തിലേക്ക് പതിക്കും .നമ്മളുടെ ലോകവും ഭാഷയും അതിനോടൊപ്പം തകരാൻ തുടങ്ങുന്നതോടെ,അതിന്റെ തെളിവും മൂല്യവും സൂക്ഷിക്കാൻ തുടങ്ങുന്നതോടെ, ഉല്പാദകത്വത്തിന്റെ ഒരു പരിധിവരെ, തകർക്കാനാവാത്ത ഒരു ഖരത്വം ,ഒരു കാലഘട്ടത്തിനുള്ളിലെ അതിന്റെ സ്ഥാനത്തിൽ നിന്നും നിഷ്പ്രയാസം അതിനെ ഉപസംഹരിക്കാം; അതായത് അത് അത്യാവശ്യമായും "മറ്റൊന്നിലേക്ക് സഞ്ചരിക്കുമെന്ന്" ,ചിഹ്നത്തെ നിഗ്രഹിക്കാൻ, ആ പദത്തേയും വിശ്വാസത്തേയും. നാമിവിടെ വരച്ചുകാട്ടുന്ന ചേഷ്ടകളെ ശരിയായി മനസ്സിലാക്കാൻ ,ഒരാൾ തീർച്ചയായും"കാലഘട്ട"ത്തിന്റെ ഭാവ പ്രകടനങ്ങളെ

മനസ്സിലാക്കിയിരിക്കണം. "കാലഘട്ടത്തിന്റെ അന്ത്യത്തെ, ചരിത്രപരമായ ഉല്പത്തിയെ"ഒരു പുതിയ രീതിയിൽ; ആദ്യമായും തീർച്ചയായും അവയെ ബന്ധിപ്പിച്ച് പഠിക്കുന്നതിൽ നിന്നും (relativism).

അതുകൊണ്ട് ഈ കാലഘട്ടത്തിനുളളിൽ വായനയും എഴുത്തും ചിഹ്നത്തിന്റെ ഉല്പാദനം അല്ലെങ്കിൽ വ്യാത്യാസം, പാഠമെന്നാൽ സാമാന്യമായി ചിഹ്നങ്ങളുടെ വസ്തു, അവയെ രണ്ടാംതരത്തിൽ തന്നെ ബന്ധിതമാക്കാൻ അനുവദിക്കുന്നു. അവയെ ഒരു സത്യം പിന്നിലാക്കുന്നു, ലോഗോസിൽ തന്നെയുള്ള അത് തന്നെ രൂപവൽക്കരിച്ച ഒരു അർത്ഥം .എപ്പോഴെങ്കിലും വസ്തു,പ്രതിനിധാനകം (referent), ലോക ജനചിതാവായ ദൈവത്തിന്റെ ലോഗോസുമായി ബന്ധപ്പെടാതിരിക്കുമ്പോൾ അവിടെ അത് പറച്ചില്ലിലൂടെയും /ചിന്തയിലൂടെയും അങ്ങനെ ആവാൻ തുടങ്ങുന്നു, സൂചിതത്തിന് ഏതളവിലായാലും പെതുവെ ലോഗോസുമായി തൊട്ടടുത്ത ഒരു ബന്ധമുണ്ട്. (ഖണ്ഡിതമോ അഖണ്ഡിതമോ), സൂചകവുമായി മാധ്യമികമായ ബന്ധവും, ഇതിനെയാണ് എഴുത്തിന്റെ ബാഹ്യവൽക്കരണം എന്ന് വിളിക്കുന്നത് . 'അത് മറ്റൊരുവിധത്തിൽ പേകുന്നു. തോന്നുമ്പോൾ, അത് എന്തുകൊണ്ടെന്നാൽ, ഒരു പ്രതിരൂപാത്മക മാധ്യസ്ഥം സ്വയം തെറ്റായി ധരിക്കുകയും ബന്ധത്തിലാവുകയും അടുപ്പം ഭാവിക്കുകയും ചെയ്യും. ആത്മാവിലെ സത്യത്തിന്റെ എഴുത്ത്,ചീത്ത എഴുത്തിനോടുള്ള ഫേദ്രസിന്റെ(phaedrus) എതിർപ്പ് (സാഹിത്യപരവും (litarel) സാധാരണ രീതിയിലുള്ള എഴുത്ത് , 'അർത്ഥവക്തമായ'എഴുത്ത് "സ്ഥലത്തിൽ") പ്രകൃതിയുടെ പുസ്തകവും ദൈവത്തിന്റെ എഴുത്തും, പ്രത്യേകിച്ചും മധ്യകാലത്തേത് ഈ വ്യപഹാരങ്ങളിൽ രൂപകമായിപ്രവർത്തിക്കുന്നവ ; ലോഗോസിന്റെ ഉന്നതസ്ഥാനത്തെ ഉറപ്പിക്കുകയും എഴുത്തിന് അപ്പോൾ ലഭിക്കുന്ന "സാഹിത്യപരമായ" അർത്ഥത്തെ കണ്ടെത്തുകയും ചെയ്യുന്ന ; ഒരു സൂചകത്തെ അർത്ഥവത്താക്കുന്ന ചിഹ്നം സ്വയം അഭൗമമായ ഒരു പ്രത്യേകതയെ അർത്ഥവത്താക്കുകയാണ്,അഭൗതികമായ വിചാരം സംസാരവും ; നിലവിലുള്ള ലോഗോസിന്റെ ഏറ്റവുമടുത്ത് നിന്ന്. നാം ഏറെ ശ്രദ്ധകൊടുക്കേണ്ട വിരോധാഭാസമിതാണ്.

പ്രകൃത്യായുള്ളതും പ്രാപബിികവുമായ എഴുത്ത്,ബുദ്ധിപരവും അകാലികവുമായ എഴുത്ത്,അങ്ങനെ പേര് കിട്ടിയത് പ്രതിരൂപാത്മകമായാണ്. ഒരു എഴത്ത് ; അതായത് അർത്ഥവത്തായ, അഖണ്ഡമായ, അങ്ങനെ പലരും സാഹിത്യപരമായ എഴുത്തെന്ന് തിരിച്ചറിയുന്നത് ; സംസ്കാരത്തിന്റെ പക്ഷത്ത് നിന്ന് ചിന്തിക്കുന്നത് കൊണ്ടാണങ്ങനെ, സാങ്കേതികം ,കാലപരവും ,ഒരു മാനുഷിക പ്രവർത്തനം, പെട്ടെന്ന് ഉയർന്നുവന്ന ഒരു സൂത്രം അല്ലെങ്കിൽ ഒരു അഖണ്ഡമായ ജീവി. തീർച്ചയായും ,ഈ രൂപകം മനസ്സിലാക്കാൻ പ്രയാസമുള്ളതും ആദ്യ രൂപകം എന്ന "സാഹിത്യപരമായ"അർത്ഥത്തിലേക്ക് നയിക്കുന്നതുമാണ്. ഈ വ്യവഹാരവുമായി ഒട്ടിപ്പിടിച്ചിരിക്കുന്നവർക്ക് ഈ "സാഹിത്യപരമായ" അർത്ഥം ചിന്താവിഷയമേയല്ല . അതങ്ങനെയല്ല, അതുകൊണ്ട് , സാഹിത്യപരമായ അർത്ഥത്തിന്റെയും അലങ്കാരികാർത്ഥത്തിന്റെയും മറിച്ചിടലിന്റെയും പ്രശ്നമല്ല , പക്ഷേ എഴുത്തിന്റെ "സാഹിത്യപരമായ" അർത്ഥം പ്രതീരൂപാത്മകതതന്നെയാണ് എന്ന് നിർണയിക്കലാണ്.

"പുസ്തകത്തിന്റെ പ്രതിരൂപാത്മകത"("The symbolism of the book) "യൂറോപ്യൻ സാഹിത്യവും ലാറ്റിൻ മധ്യകാലവും"("European Literature and Latin middle ages") എന്ന ഗ്രന്ഥത്തിലെ ശ്രേഷ്ഠമായ അദ്ധ്യായം, ,ഇ.ആർ.കർട്ടിയസ് (E.R.Curtius) ഉദാഹരണങ്ങളുടെ സമൃദ്ധിയോടെ ഫേദ്രസിൽ നിന്ന് കാൾഡറനിലേക്കുള്ള പരിണാമത്തെ (phaedrus to calderon),"പുതുതായി പുസ്തകം കയ്യടക്കിയ അവസ്ഥ"("newly attained position of the book") "സൂക്ഷ്മമായ തിരിച്ചിടലാണ് ("precisely the reverse") എന്ന് തോന്നുന്നത് വരെ .പക്ഷേ ഈ പുതുമ എത്രത്തോളം പ്രാധാന്യമുള്ളതാണെന്ന് വരികിലും ,അടിസ്ഥാനപരമായി ഒരു തുടർച്ചയെ മറച്ചുവെക്കുന്നു. ആത്മാവിന്റെ സത്യത്തെ എഴുതുന്നുവെന്ന പ്ലേറ്റോണിക്കായ എഴുത്തിന്റെ കാര്യത്തിലെന്നപോലെ, പ്രതിരൂപാത്മകമായി മധ്യകാലത്തും എഴുത്തിനെ അങ്ങനെയാണ് മനസ്സിലാക്കിയിരുന്നത്,അതിനെ സ്വഭാവികം എന്ന് വിളിച്ചിരുന്നു, സ്വർഗീയവും പ്രാപഞ്ചികവുമായ

എഴുത്ത്, സൂചികാർത്ഥക സത്യത്തിന്റെ വ്യവസ്ഥ, അത് അതിന്റെ മാന്യതയിൽ തിരിച്ചറിയപ്പെടുന്നു. ഫേദ്രസിലേതുപോലെ എഴുത്തിലെ ചിലവീഴ്ച്ചകൾ അതിനെ നിരന്തരം എതിർത്തുകൊണ്ടിരിക്കും . ഈ രൂപകത്തിന്റെ എഴുതപ്പെട്ട ഒരു ചരിത്രം അവിടെ അവശേഷിക്കും, ദിവ്യവും അല്ലെങ്കിൽ സ്വഭാവികവുമായ എഴുത്തിനേയും മനുഷ്യസഹജവും ശ്രമകരവുമായ എഴുത്തിനേയും, വ്യവസ്ഥാപിതമായിത്തന്നെ എതിർക്കുന്ന കൃത്രിമവും പരിമിതവുമായ എഴുത്ത്.അത് ശക്തമായി തന്നെ ചരിത്രത്തിന്റെ അവസ്ഥകളെ ഉച്ചരിച്ചുകൊണ്ടിരിക്കും,താഴെ വിവരിക്കുന്ന ഉദ്ധരണങ്ങളെപ്പോലെ, ദൈവത്തിന്റെ പുസ്തകത്തിലെ ഇതിവൃത്തത്തെ (പ്രകൃതി അല്ലെങ്കിൽ നിയമം ,പ്രകൃതി നിയമം തന്നെ ) അതിന്റെ എല്ലാപുതുമകളോടെയും അനുസരിക്കും.

റാബ്ബി എലിസീർ (Rabbi Eliezer) പറഞ്ഞു : "എല്ലാ സമുദ്രങ്ങളും മഷിയുടേതാണെങ്കിൽ , എല്ലാകുളങ്ങളിലും മുളകൾ നടുകയാണെങ്കിൽ, ആകാശവും ഭൂമിയും എഴുത്തു പ്രതലങ്ങളാണെങ്കിൽ , എല്ലാ മനുഷ്യരും കലയും എഴുത്തും പ്രവർത്തികമാക്കുകയാണെങ്കിൽ - അവർക്കൊരിക്കലും ഞാൻ പഠിച്ച തോറ (Torah) നിഷ്പ്പയോജനകരമാവില്ല. 'തോറ' തന്നെസ്വയമൊരിക്കലും കുറവുള്ളതായിത്തീരുന്നില്ല; ഒരു പെയിന്റ് ബ്രഷ് കൊണ്ട് ഒരു സമുദ്രത്തിലെ ജലത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നതിനോളം പോലും."

ഗലീലിയോ : "അത് (പ്രകൃതിയുടെ പുസ്തകം) ഒരു ഗണിതഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്"

ദക്കാർത്തെ : "..... പ്രകൃതിയുടെ മഹത്തായ പുസ്തകത്തിൽ നിന്ന് വായിക്കും..." ദമിയ (Demea)പ്രകൃതിയുടെ പേരിൽ , "ഡയലോഗിൽ" (Dialogues) ഹ്യൂമിനെ(Hume)ക്കുറിച്ച് : "പ്രകൃതിയുടെ ഈ വാല്യം മഹത്തായതും വിശദീകരണക്ഷമവുമല്ലാത്ത ധാരാളം കടങ്കഥകൾ ഉൾക്കൊള്ളുന്നു,ഏതൊരു ബുദ്ധിപരമായ വ്യവഹാരം അല്ലെങ്കിൽ യുക്തി വിചാരത്തേയുകാൾ".

ബോണറ്റ് (Bonnet) : "അതെനിക്ക് കൂടുതൽ  തത്വചിന്താപരമായ ഒരു നിഗമനമായാണ് തോന്നുന്നത്, തങ്ങളേക്കാൾ ബുദ്ധിപരമായി ഉയർന്നവർക്ക് വായിക്കാൻ വേണ്ടി ദൈവം നൽകിയ പുസ്തകമാണ് നമ്മുടെ ഭൂമി,അവന്റെ സന്തോഷദായകമായി ബുദ്ധിയിൽ രൂപംകൊണ്ട അനന്തമായതും അനേകമായതും അനന്യമായതുമായ കഥാപാത്രങ്ങളെ ആഴത്തിൽ അവർ പഠിക്കുന്നു".

ജി.എച്ച്.വോൺ ഷൂബെ (G.H.Von Schubert) : "ലിപികളും പ്രതീകങ്ങളും കൊണ്ട് നിർമ്മിച്ച ഈ ഭാഷ ,ആഉന്നത മായ ബുദ്ധി, അതിന്റെ വെളിപാടുകളിലൂടെ മനുഷ്യന് ഉപയോഗപ്പെടുന്നു- കവിതയുടെ താണതരം ഭാഷ ചിലത് കാണാം- ഏറ്റവും തരം താണത്തും അപൂർണവുമായ വിധത്തിൽ, ഉയർത്തെഴന്നേൽപിന്റെ ഗദ്യത്തക്കാൾ സ്വപ്നത്തിന്റെ രൂപകം പോലെ, ഇത് യഥാർത്ഥത്തിലുള്ളതും ഉന്നതമായ പ്രദേശങ്ങളിലേപോലെ ഉണർവ്വിന്റേതുമായ ഭാഷയായിരുന്നില്ലെങ്കിലെന്ന് നമ്മൾ അതിശയിക്കും .എങ്കിൽ ,നമ്മൾ സ്വയം ഉണർവുള്ളവരായി എന്ന് പരിഗണിക്കുമ്പോൾ , നമ്മൾ വലിയൊരു കാലത്തേയ്ക്ക് ഉറക്കത്തിലേക്ക് എടുത്തെറിയപ്പെടുകയല്ല, അല്ലെങ്കിൽ ഏറ്റവുംകുറഞ്ഞത് അതിന്റെ സ്വപ്നങ്ങളുടെ പ്രതിഫലനത്തിലേക്കെങ്കിലും അവിടെ കുറച്ച് ഒറ്റപ്പെട്ടതും വ്യക്തമല്ലാത്തതുമായ ദൈവിക ഭാഷയെ മാത്രമാണ് മനസ്സിലാക്കാനാവുക, .ഉറങ്ങികിടക്കുന്നയാൾ തനിക്കുചുറ്റുമുള്ള ചിലരുടെ സംഭാഷണം കേൾക്കുന്നതുപോലെ".

ജാസ്പേഴ്സ് : "ലോകം മറ്റൊന്നിന്റെ എഴുത്താണ്.ഒരു പ്രാപഞ്ചിക വായനയ്ക്ക് വശപ്പെടാത്ത ,അതിന്റെ നിലനില്പിന് മാത്രം വെളിപ്പെടുന്നത്."

എല്ലാത്തിനും മേലെ ,ഒരേ രൂപകത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകൾ വ്യവച്ഛേദിച്ചുകാണിക്കുന്ന എല്ലാ സമീപനരീതികളേയും തീർച്ചയായും അവഗണിക്കുക സാധ്യമല്ല .ഈ സമീപനരീതികളുടെ ചരിത്രത്തിൽ ഏറ്റവും നിർണായകമായ വിഭജനം പ്രത്യക്ഷമാകുന്ന നിമിഷം ,അതേസമയം പ്രകൃതിയുടെ

ശാസ്ത്രം പോലെ, കേവലമായ സാന്നിധ്യത്തെ ആത്മസാന്നിധ്യമായി പരിഗണിച്ച് നിർണയിക്കണം, ആത്മപരതപോലെ . അത് പതിനേഴാം നൂറ്റാണ്ടിന്റെ മഹത്തായ യുക്തിവിചാരത്തിന്റെ നിമിഷം തന്നെയാണ്. അവിടം മുതൽ, പരിചിതവും വീഴ്ചയുള്ളതുമായ എഴുത്തിനെ കുറ്റപ്പെടുത്തൻ പുതിയൊരു രൂപം പ്രാപിക്കുകയാണ്. അതിനകത്താണ് നാമിപ്പോഴും ജീവിക്കുന്നത്: .അത് ഉപേക്ഷിക്കേണ്ടതായ ആത്മാസാന്നിധ്യത്തിന്റെ അഭാവമാണ് (non-self –presence). "റൂസോയിനിസ്റ്റ്" നിമിഷത്തിന്റെ അഭികാമ്യത, നമുക്ക് പിന്നെയത് വിശദീകരിക്കണം, വെളിവാക്കപ്പെടാൻ തുടങ്ങും. സാന്നിധ്യത്തിന്റെ മറ്റൊരു മാതൃകയിലൂടെ പ്ലേറ്റോണിക് ആയ വിചാരങ്ങളെ ആവർത്തിക്കുകയാണ് റൂസോ :ഇന്ദ്രിയങ്ങളിലെ സ്വാത്മസാന്നിധ്യം ഇന്ദ്രിയ ബുദ്ധിയിലെ ,അത് തുടർച്ചയായി ദിവ്യനിമയത്തിന്റെ എഴുത്തുകളെ വഹിക്കുന്നു.മറ്റൊരു വിധത്തിൽ, പ്രതിനിധിയായി, വീണ,രണ്ടാതരമായ, വ്യവസ്ഥാപിതമായ എഴുത്ത്, ,സാഹിതീയവും കൃത്യവുമായ ഗ്രഹണം, ഭാഷോല്പത്തിയെക്കുറിച്ചുള്ള ഉപന്യാസ(The essay on the origin of Languages)ത്തിൽ ഇതിനെ കുറ്റപ്പെടുത്തുന്നുണ്ട് (അത് ഭാഷണ (speech)ത്തെ ചോർത്തിക്കളയുന്നു: ഒരാളുടെ പ്രതിഭയെ ബുക്കിൽ നിന്ന് നിർണയിക്കുക എന്നത് ഒരാളുടെ ശവത്തിൽ നിന്ന് അയാളുടെ പോർട്രയിറ്റ് വരയ്ക്കുന്നതിന് തുല്യമാണ്........etc.) സാധാരണ അർത്ഥത്തിൽ എഴുത്ത് ചത്ത

അക്ഷരമാണ്, മരണത്തിന്റെ വാഹനമാണത്. അത് ജീവിതത്തെ നശിപ്പിക്കുന്നു. മറ്റൊരു വിധത്തിൽ, അതേ വാദത്തിന്റെ മറ്റൊരു മുഖത്തിൽ, എഴുത്തിന്റെ രൂപകാത്മക അർത്ഥത്തിൽ ,സ്വാഭാവികവും, ദിവ്യവും ജൈവികവുമായ എഴുത്ത്, ചോർത്തിക്കളഞ്ഞതാണ്,അതാകട്ടെ യാഥർത്ഥ മൂല്യത്തിന്റെ അതേ അന്തസ്സ് തുല്യമായി ഉള്ളതാണ്,ദിവ്യനിയമത്തിന്റെ ബോധത്തിന്റെ നാദത്തിന് തുല്യമാണത്, അതിന്റെ ഹൃദയത്തിനോയും വികാരത്തിനോടും അതുപോലെതന്നെ.

എല്ലാത്തരം പുസ്തകത്തിലും മഹത്തരമാണ് ബൈബിൾ പക്ഷ അത് എല്ലാ പുസ്തകത്തിനും ശേഷമാണ്. ദൈവികമായ നിയമങ്ങൾക്കു വേണ്ടി ഒരാൾ നോക്കേണ്ട കുറച്ച് ചിതറിയ പേജുകളുടെ പുസ്തകമല്ലത്, ഒരുവന്റെ ഹൃദയത്തിൽ ഒരുവന്റെ കൈകൾക്ക് കോറിയിടാൻ അവന്റെ അഭിമാനം അനുവദിക്കാത്തത്ര ശ്രേഷ്ഠമാണത്.

പ്രകൃതിനിയമം മനുഷ്യയുക്തിക്ക് അനുസരിച്ച് മാത്രമാണ് എഴുതി വന്നിരുന്നതെങ്കിൽ,നമ്മുടെ മിക്ക പ്രവൃത്തികളേയും അതിന് നിയന്തിക്കാൻ കഴിവ് ഉണ്ടായിരിക്കുകയില്ല .എങ്കിലും മായ്ച്ച് കളയാനാകാത്തവിധം മനുഷ്യ ഹൃദയത്തിൽ അക്ഷരങ്ങൾ വരഞ്ഞിട്ടിരിക്കും അവിടെ അത് അവനോട് കരഞ്ഞുകൊണ്ടിരിക്കും

സ്വഭാവികമായ എഴുത്ത്(Natural writing)ശബ്ദത്തോടും ശ്വാസത്തോടും ഏറ്റവും ആഴത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിന്റെ സ്വഭാവം എഴുത്തുശാസ്ത്രപരമല്ല : എന്നാൽ ആധിഭൗതികപരമാണ് .അത് പരസ്പരം ബന്ധിപ്പിക്കുന്നതാണ്, വിശ്വാസമെന്ന തൊഴിലിന്റെ വിശുദ്ധമായ ആന്തരിക ശബ്ദത്തോട് വളരെ അടുത്തുനിൽക്കുന്നത് ,ഒരുവന്റെ ഉള്ളിലേക്ക് തന്നെ മടങ്ങി വരുന്നതായി ഒരുവൻ കേൾക്കുന്ന ശബ്ദത്തോട് :നമ്മുടെ ആന്തരികമായ ബോധത്തിലേക്കുള്ള പൂർണവും സത്യസന്ധവുമായ ദിവ്യസാന്നിധ്യത്തിന്റെ വരവ്, അത്രയും ലളിതമായി എന്റെ ആത്മാവിൽ എഴുതപ്പെട്ടിരിക്കുന്ന ഈ വാക്കുകളെ എനിക്ക് വായിക്കാനാവും : നിങ്ങൾ എത്രത്തോളം നീതികാണിക്കുന്നുവോ അത്രത്തോളം നിങ്ങൾ സന്തോഷവാനായിരിക്കും എനിക്ക് ഇത്തരം നിയമങ്ങളെ വലിയ തത്വചിന്തകളിൽ നിന്ന് ഉണ്ടാക്കിയെടുക്കാൻ കഴിയില്ല, ഒന്നിനും മായ്ച്ച് കളയാനാകാത്തവിധമുള്ള അക്ഷരങ്ങളിൽ പ്രകൃതി തന്നെ എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ കോറിയിട്ടിരിക്കുന്നവയായി ഞാനവയെ കണ്ടെത്തുന്നു.

പ്രകൃത്യാതന്നെ ശബ്ദത്തിനും എഴുത്തിനും തമ്മിലുള്ള ഐക്യം എന്ന അടിച്ചേൽപിക്കപ്പെട്ട വസ്തുതയെക്കുറിച്ച് ധാരാളം പറയാനുണ്ട്. ആദിമ-ശബ്ദം(Arche-speech )എഴുത്താണ്.

എന്തെന്നാൽ അത് നിയമമാണ്. ഒരു പ്രകൃതി നിയമം . തുടക്കശബ്ദം മനസ്സിലാക്കികഴിഞ്ഞതാണ് (understood), ആത്മസാന്നിധ്യത്തിന്റെ (self presence) അതീവബന്ധത്തിൽ (intimacy), മറ്റൊരാളുടെ ശബ്ദമായും ഒരു ആജ്ഞയായും

**അവിടെ അപ്പോൾ ഒരു നല്ല എഴുത്തുമുണ്ട് ചീത്ത എഴുത്തുമുണ്ട്:നല്ല എഴുത്ത് പ്രകൃത്യായുള്ളതും ദിവ്യവും ഹൃദയത്തിലും ആത്മാവിലും കോറിയിട്ടതുമാണ്; കലാപരവും അകാരണവുമായത് സാങ്കേതികമാണ്,ശരീരത്തിന്റെ ബാഹ്യവൽക്കരണത്തിലേക്ക് നാടുകടത്തപ്പെട്ടത്.പ്ലേറ്റോണിക്ക് ചിത്രത്തിന്റെ അതിൽ തന്നെയുള്ള ഒരു നവീകരണം: ആത്മാവിന്റെയും ശരീരത്തിന്റെയും എഴുത്ത്, ആന്തരികത്തിന്റെയും ബാഹ്യത്തിന്റെയും എഴുത്ത്,ബോധത്തിന്റെയും വികാരങ്ങളുടെയും എഴുത്ത് ,അവിടെ ഒരു ആത്മാവിന്റെ ശബ്ദവുമുണ്ട് ശരീരത്തിന്റെ ശബ്ദവുമുണ്ട് , "ബോധമെന്നത് ആത്മാവിന്റെ ശബ്ദമാണ്,വികാരങ്ങൾ ശരീരത്തിന്റെ ശബ്ദമാണ്" ഒരാൾ നിരന്തരം "പ്രകൃതിയുടെ ശബ്ദത്തിലേക്ക്" തിരിച്ചുപൊയ്ക്കൊണ്ടിരിക്കുന്നു; "പ്രകൃതിയുടെ ദിവ്യമായ നാദം" അത് ദിവ്യമായ എഴുത്തിൽ നിന്നും മുൻകുറിപ്പിൽ നിന്നും ഉദ്ഭവിക്കുന്നു,ഒരാൾ തീർച്ചയായും അയാളിൽ തന്നെ ആ സംഘർഷം അറിയുന്നു,അതിന്റെ ചിന്തകളുമായി സംവാദമാരംഭിക്കുന്നു, അതിന്റെ തന്നെ പുറങ്ങളിൽ സംസാരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു.**

**അത് പ്രകൃതി അതിന്റെ അത്ഭുതാത്മകതയും നമ്മുടെ കൺമുന്നിൽ സമർപ്പിച്ചുകൊണ്ട് ആ പാഠത്തെ നമ്മുടെ പരിഗണനയ്ക്ക് വയ്ക്കുന്നതായിരുന്നു.അതുകൊണ്ട് ഞാൻ എന്റെ എല്ലാ ബുക്കുകളും അടച്ചു.ഒരേയൊരു ബുക്കു മാത്രം എല്ലാവരുടെയും കണ്ണുകൾക്കു മുന്നിൽ തുറന്നിരുന്നു പ്രകൃതിയുടെ പുസ്തകമായിരുന്നു അത്.മഹത്തും ദിവ്യവുമായ ബുക്കിൽ നിന്ന് അതിന്റെ കർത്താവിനെ സ്നേഹിക്കാനും വണങ്ങാനും ഞാൻ പഠിച്ചു.**

**അങ്ങനെ നല്ല എഴുത്ത് മനസ്സിലാക്കപ്പെട്ടു കഴിഞ്ഞു .ഒരാൾ അങ്ങനെ മനസ്സിലാക്കപ്പെടണമെന്ന് മനസിലാക്കപ്പെട്ടു:ഒരു പ്രകൃതിനിഷ്ഠമായ നിയമത്തിനകത്ത് അല്ലെങ്കിൽ പ്രകൃതിയിൽ തന്നെ, നിർമ്മിതമായതോ അല്ലാതെയോ, എങ്കിലും അഭൗമമായ സാന്നിധ്യത്തിൽ ആദ്യ ചിന്തയ്ക്കകത്ത് മനസ്സിലാ**

ക്കപ്പെട്ടത്, അതു കൊണ്ട് ,സമ്പൂർണതക്കകത്ത് ,പരിമിതമോ അപരിമേയമോ ,സൂചകത്തിന്റെതായി ; ഈ സൂചകത്തിന്റെ സമ്പൂർണതയ്ക്ക് സമ്പൂർണതയാകാൻ കഴിയില്ല, സുചിതം നിർമ്മിച്ച ഒരു സമ്പൂർണത അതിനേ മുൻകൂട്ടി നിർമ്മിക്കും വരെ ,അതതിന്റെ ആദർശപരതയിൽ സ്വാതന്ത്രമായി നിൽക്കും.പുസ്ത കത്തിന്റെ ആശയം ,അത് എപ്പോഴും പ്രകൃതിപരമായ സമ്പൂർണ തയെ കുറിക്കും പ്രധാനമായും എഴുത്തെന്ന ആശയത്തിന് അന്യ മാണത്.അത് ദൈവശാസ്ത്രത്തിന്റെയും ശബ്ദകേന്ദ്രിതത്വത്തി ന്റേയും ബ്രഹ്മണ്ഡസംരക്ഷണമാണ്, എഴുത്തിന്റെ തടസത്തിനും അഖണ്ഡസതത്തിന്റെ ഊർജത്തിനും; ഞാൻ പിന്നേട് വക്ത മാക്കും പോലെ , എല്ലാ സാമാന്യമായ വ്യതിയാനങ്ങൾക്കും എതിരാണത്.ഞാൻ പാഠത്തിൽ നിന്നും പുസ്തകത്തിനെ വേറിട്ട് കാണുമ്പോൾ എനിക്ക് പറയാൻ കഴിയും; പുസ്തകത്തിന്റെ നാശം, എല്ലാ മേഖലയിലും അത് നടന്നു വരുന്നു പാഠത്തിന്റെ ഉപരിതലത്തെ അനാവരണം ചെയ്യുന്നു.അത്യാവശ്യമായ ആ അക്രമം തീരെ അത്യവശ്യമല്ലാത്ത ഒരു അക്രമം അല്ല.

എഴുതപ്പെട്ടതും /എഴുതപ്പെടേണ്ടതും
( The written being/the being written)

ഒന്നുകൂടി തീർച്ചപ്പെടുത്താവുന്നതും അതിനകത്ത് വച്ച് പാശ്ചാത്യപാരമ്പര്യം സ്വയം രൂപികരിക്കേണ്ടതും തീർച്ചയായും നിലനിൽക്കേണ്ടതുമായ അവസ്ഥ താഴെ പറയുന്ന പ്രകാരമാണ്. സൂചികത്തിന്റെ ക്രമം ഒരിക്കലും ആനുകാലികം അല്ല, ഏറ്റവും നല്ല തികഞ്ഞ ; യോജിപ്പില്ലാത്ത തിരിച്ചിടലോ സമാന്തരമായോ- ഒരു ശ്വാസത്തിന്റെ സമയത്തിലെ യോജിപ്പില്ലായ്മ- സൂചിക ത്തിന്റെ ക്രമത്തിൽ നിന്നും ഉള്ളത് .വിഭിന്നതകളുടെ എകത യാണ് ചിഹ്നം, സൂചികം(അർഥം അല്ലെങ്കിൽ വസ്തു, അന്തർജ്ഞാനം അല്ലെങ്കിൽ യാഥാർത്ഥ്യം )അതിന്റെതായ അവ സ്ഥയിൽ തന്നെ സൂചകമാകാത്തതു മുതൽ, ഒരു തെളി വ്(Trace),മറ്റൊരു സാധ്യമായ തെളിവുമായി ബന്ധപ്പെടുത്തി ഒരു വിധത്തിലും അതിനെ രൂപികരിക്കാതിരിക്കുമ്പോൾ. സൂചിക ത്തിന്റെ വ്യവസ്ഥാപിതമായ സത്ത സാന്നിധ്യമാണ് (Presence)ശബ്ദകേന്ദ്രിതത്വമായ സ്വനം(phone)വുമായി അതി നുള്ള അടുപ്പത്തിന്റെ പ്രാധാന്യം സാന്നിധ്യത്തിന്റെ പ്രധാന്യ

മാണ്.ഒരാൾ എത്രയും പെട്ടെന്ന് ചോദിച്ചേക്കാവുന്ന ഒഴിച്ചുകൂടാനാവാത്ത കാര്യമിതാണ്: '' എന്താണ് ചിഹ്നം പറയാവുന്നത്' ,സത്തയുടെ ചോദ്യത്തിനായി ഒരുവൻ ചിഹ്നത്തെ സമർപ്പിക്കുമ്പോൾ, സത്തയുടെ അടിസ്ഥാനദ്വന്ദ്വത്തിന് തന്നെ ("t,esti") ചിഹ്നത്തിന്റെ ''വ്യവസ്ഥാപിതമായ സത്ത'' യെ സാന്നിധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിർണയിക്കാനാവു.ആ പ്രതികരണത്തിനു അടുത്ത് ഒരാൾക്ക് എത്താൻ കഴിയില്ല, ആ ചോദ്യത്തിന്റെ രൂപത്തെ ചോദ്യം ചെയ്യാതെയും, ചിഹ്നം എന്ന പേര് തന്നെ അനുയോജ്യമല്ലെന്ന് ചിന്തിച്ച് തുടങ്ങാതെയും, തത്ത്വചിന്തയുടെ വ്യവസ്ഥാപിതമായ ചോദ്യത്തിൽ നിന്നും രക്ഷപ്പെട്ട ഒന്നേയൊന്ന് " What is …?"( എന്താണ് ചിഹ്നം ?)

വ്യാഖ്യാനം , പരിപ്രേക്ഷ്യം , മൂല്യനിർണ്ണയം , വ്യാത്യാസം (Interprtation ,Perspective,Evaluation,Difference) തുടങ്ങിയ നിരീക്ഷണാത്മകവും (empiricist)അല്ലെങ്കിൽ തത്ത്വചിന്താപരമല്ലാത്തതുമായ എല്ലാ ആവർത്തിക്കുന്ന വാക്കുകളും തത്ത്വചിന്തയെ പാശ്ചാത്യചരിത്രതിലുടനീളം പീഡിപ്പിക്കുമ്പോൾ നാമതിനെ യുക്തിചിന്തയ്ക്ക് വിധേമാക്കിയാൽ അതിനോടോപ്പം ഒന്നുമില്ലെങ്കിലും തത്ത്വചിന്തയുടെ മേഖലയിൽ ഉണ്ടാകുന്ന ഒഴിച്ചുകൂടാനാവാത ദുർബലതകൾ, നിചേ, ആധിഭൗതികത്തിൽ തന്നെ ലളിതമായി നിൽക്കുമ്പോഴും (ഹെഗലിനൊപ്പവും ഹൈദഗർ ആഗ്രഹിച്ചതുപോലെയും )സൂചികത്തെ ലോഗോസിന്റെയും അതുമായി ബന്ധപ്പെട്ട സത്യത്തിൽ നിന്നോ അല്ലെങ്കിൽ പ്രാഥമിക സൂചകത്തിൽ നിന്നോ അതെങ്ങനെ മനസ്സിലാക്കപ്പെടുന്നോ അങ്ങനെ മോചിപ്പിക്കുന്നതിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. വായന, അതുകൊണ്ട് എഴുത്തും, ഈ പാഠങ്ങൾ നീചേയ്ക്ക് " ഉദ്ഭവാത്മകം " (originary)പ്രവർത്തനങ്ങളാണ് (പിന്നാലെ പരാമർശിക്കാൻ പോകുന്ന ചില കാരണങ്ങൾ കൊണ്ടാണ് ഞാൻ ആ വാക്കിനെ ഉദ്ധരണിയിലാക്കിയത്), അവയെ അതിന് മുൻപ് രേഖപ്പെടുത്തുകയോ കണ്ടെത്തുകയോ ചെയ്തിട്ടില്ല എന്ന പരിഗണനയിലാണത്,അതു കൊണ്ടത് ലോഗോസിന്റെ സാന്നിധ്യത്തിൽ സുചിതമായതിൽ ഒരു യഥാർത്ഥ സത്യമല്ല, വാക്കുമർത്ഥവും തമ്മിൽ

വേർപിരിയാത്തതുപോലെ (Tops no etos),ദിവ്യമായ മനസ്സിലാക്കൽ, അത്യാവശ്യമായ മുൻനിശ്ചിതഘടന.ഹൈദഗറിന്റെ രീതിയിലുള്ള വായനയിൽ നിന്നും നിചേയെ രക്ഷിക്കാനായി, എല്ലാത്തിനും മീതെ നമ്മൾ തീർച്ചയായും തീരെ വിശ്വാസ്യതയില്ലാത്ത ഒരു ആധിഭൗതികതത്വചിന്തക്രമത്തെ പുനരവരോധിക്കരുത്,ധാരാളമായി ആധിഭൗതിക ക്രമത്തെ പിൻതുടരുന്നതും പ്രകൃതിനിഷ്ഠമായ ചില സത്യങ്ങളെ അംഗീകരിക്കുന്നതുമാണവ, നിരീക്ഷണാത്മകമോ അല്ലെങ്കിൽ ആധിഭൗതികമായതോ ആയ പാഠത്തിന് അടിയിൽ പരിപൂർണ്ണമായ ഒരു വ്യവസ്ഥാപിതത്വത്തെ മറച്ച് വച്ചിരിക്കയാണവിടെ. നീചേയുടെ ചിന്താഗതിയുടെ ദോഷത്തെ ഇതിൽ കൂടുതൽ പൂർണ്ണമായി തെറ്റായി മനസ്സിലാക്കാൻ കഴിയില്ല .ഇതിന് വിപരീതമായി ഒരാൾ കൂടുതൽ മനസ്സിലാക്കേണ്ടത് "അവിശ്വാസ"( naivete)ത്തെയാണ്; ആധിഭൗതികത്തിൽ നിന്ന് ഒരടിപോലും പുറത്തേക്ക്പോകാനാവാത്ത ഒരു മാറ്റം, അത് ആധിഭൗതികത്തെ വിപ്ലവകരമായി വിമർശിക്കുന്നില്ലന്നതോ പോട്ടെ ഇപ്പോഴും ഏതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു,ചില രീതികളിൽ അല്ലെങ്കിൽ പാഠത്തിന്റെ ചില ശൈലികളിൽ, മുൻകൂട്ടി നിശ്ചയിച്ചതുപോലെ, തത്വചിന്തയുടെ ഗ്രന്ഥക്കെട്ടുകളിൽ നിന്ന് വായിക്കണമെന്ന്, നിചേയുടെ രീതികളിൽ പറഞ്ഞാൽ ചീത്ത- വായന അല്ലെങ്കിൽ വായനയേയില്ലായ്മ(ill read or unread) അത് എല്ലായ്പ്പോഴും, ഭാവിയിലും 'അവിശ്വാസ'മാണ് ഒരു പരിപൂർണ്ണമായ സഹായോപകരണത്തിന്റെ മനസിലാക്കാൻ കഴിയാത്ത ചിഹ്നങ്ങൾ. അതു കൊണ്ട് ഹൈദഗറിയൻ വായനയിൽ നിന്ന് നീചേയേ രക്ഷിക്കുക എന്നതിനേക്കാളും നമ്മൾ പൂർണ്ണമായും നിചേയ്ക്ക് സമ്മർപ്പിക്കണം, ആ വ്യാഖ്യാനത്തെ യാതൊരു പ്രത്യേക പരിഗണനയും കൂടാതെ തന്നെ അടിവരയിട്ടുകൊണ്ട്; ഒരു പ്രത്യേകരീതിയിൽ പ്രത്യേക നിലവരെ, അവിടെ; നിലനിൽപ്പിന്റെ (being)ചോദ്യത്തിനു മുൻപിൽ നിചേയുടെ വ്യവഹാരത്തിന്റെ ഉള്ളടക്കം പൂർണ്ണമായും നഷ്ടപ്പെടും, അതിന്റെ രൂപം അതിന്റെ അപരിചിതത്വത്തിന്റെ പരിപൂർണ്ണത വീണ്ടെടുക്കും അവിടെ അദ്ദേഹത്തിന്റെ പാഠം ആത്യന്തികമായി പുതിയൊരു രീതിയിലുള്ള വായന ആവശ്യപ്പെടും, അദ്ദേഹ

ത്തിന്റെ എഴുത്തിന്റെ രീതിക്ക് എറ്റവും വിശ്വാസമായത്: നീചേ എഴുതിയത് എഴുതിയത് തന്നെ. തന്റെ എഴുത്താണ് അദ്ദേഹം എഴുതിയത്- പ്രാഥമികമായി അദ്ദേഹത്തിന്റെ സ്വന്തം.അത് ലോഗോസിനോടോ അതിന്റെ സത്യത്തിനോടോ രണ്ടാംതരമല്ല. ഈ രണ്ടാംതരമാക്കൽ നടപ്പായത് ഒരു കാലഘട്ടത്തിലാണ്;അതിന്റെ അർഥം നാം അപനിർമ്മിക്കും. ഇപ്പോൾ ഈ ദിശയിൽ (ഈ ദിശയിൽ മാത്രം ,മറ്റൊരു രീതിയിൽ വായിച്ചാൽ ,നീചേയുടെ ഉടച്ച് കളയൽ കടുത്തനിയമങ്ങൾക്കകത്താണ്,മറ്റെല്ലാ തിരിച്ചിടലുകളെയും പോലെ, ആധിഭൗതിക ചിന്തകളുടെ തടവിലായി അതിനെ വലിച്ചെറിയാൻ നടിക്കും മട്ടിൽ. ആ സൂചനയിലും ആ വായനാക്രത്തിലും, വൈദഗറിന്റേയും ഫിങ്കിന്റേയും (Fink)വിലയിരുത്തലുകൾ ഒഴിവാക്കാൻ കഴിയില്ല) ഹൈദഗേറിയൻ വിചാരധാര ലോഗോസിന്റെയും നിലനിൽപ്പിന്റെ സത്യത്തിന്റേയും നശിപ്പിക്കലെന്നതിനേക്കാൾ "പ്രാഥമികമായ സുചിതം " (Primum signatum)"എന്ന ആശയത്തെ ഉറപ്പിക്കുകയാണ്: ആധിഭൗതിക സൂചിതം; (ഒരു പ്രത്യേക അർഥത്തിൽ ആധിഭൗതികം,മധ്യകാലത്തേതുപോലെ ആധിഭൗതികം-ഐക്യത, സത്യം, നന്മ (unum,verum,bonum)എന്നിവയിലധിഷ്ഠിതം- ഇവയാണ് പ്രാഥമിക സൂചിതങ്ങൾ) എല്ലാവിഭാഗങ്ങളും ധ്വനിപ്പിച്ചിരുന്നത് അല്ലെങ്കിൽ എല്ലാ അർഥരൂപികരണങ്ങളും നിർണയിച്ചിരുന്നത്, എല്ലാ നിഘണ്ടുകളും എല്ലാ വാക്യഘടനകളും, അഃുകൊണ്ട് എല്ലാ ഭാഷാപരമായ സൂചകങ്ങളും, എന്നിരുന്നാലും ആ സൂചകങ്ങളൊന്നുകൊണ്ടും ലളിതമായി തിരിച്ചറിയൽ നടന്നിരുന്നില്ല, ഓരോന്നിനെയും മുൻകൂട്ടി നിശ്ചയിച്ചപോലെ മനസ്സിലാക്കിയിരുന്നു, ആ കാലഘട്ടത്തിലെ എല്ലാനിർണയനങ്ങളെയും ചുരുക്കാതെയും മറ്റൊരു രീതിയിലും സാധ്യമല്ലാത്ത വിധത്തിലും, ലോഗോസിന്റെ ചരിത്രത്തെ അത് തുറക്കുന്നു, അത് കൂടിയും ലോഗോസിൽ കൂടിയാണ് തുറക്കുന്നതെങ്കിലും, അതായത്, നിലനിൽപിന്റെ ശൂന്യത (being nothing)ലോഗോസിനു മുൻപും അതിന് പുറത്തുമാണ്. നിലനിൽപിന്റെ ലോഗോസ്, "നിലനിൽപിന്റെ ശബ്ദത്തെ അനുസരിക്കുന്ന ചിന്ത" ചിഹ്നത്തിന്റെ ആദ്യത്തേതും അവസാനത്തേതുമായ പ്രഭവസ്ഥാനം, സൂചകവും സൂചിതവും

(signans and signatum)തമ്മിലുള്ള വ്യത്യാസം. സൂചിതവും സൂചകവും തമ്മിലുള്ള വ്യത്യാസത്തിനിടയിലെവിടെയോ പരിപൂർണ്ണവും കുറവില്ലാത്തതുമായ ഒരു ആധിഭൗതികമായ സൂചിതമുണ്ട്. ഇത് ആകസ്മികമായി നിലനിൽപ്പ് ചിന്താവിഷയമായതല്ല, ഈ ആധിഭൗതികമായ സൂചിതത്തിന്റെ ചിന്തതന്നെ, ശബ്ദത്തിൽ കൂടിയാണത് ഏറ്റവും വെളിപ്പെടുന്നത്:വാക്കുകളുടെ ഒരു ഭാഷയിൽ.ശബ്ദം കേൾക്കുന്നു(മനസ്സിലാക്കുന്നു)-തീർച്ചയായും അത് ബോധമെന്ന് വിളിക്കപ്പെട്ടു.

സൂചകത്തെ മായ്ച്ചുകളയുന്നതും പരിപൂർണ്ണമായതും സ്വാത്മത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നതും: ശുദ്ധമായപരപ്രേരണയില്ലാത്ത സ്നേഹം;അതിന് തീർച്ചയായും സമയത്തിന്റെ രൂപമുണ്ട്;അത് അതിന്റെ ബാഹ്യത്തിൽ നിന്നും ഒന്നും കടം വാങ്ങുന്നമില്ല,ലോകത്തിൽ നിന്ന് അല്ലെങ്കിൽ യഥാർഥ്യത്തിൽ നിന്ന്, ഏതൊരു സഹായസൂചകത്തിൽ നിന്ന്, അതിന്റെ തുടർച്ചയിൽ നിന്നും ബാഹ്യമായ ബാഹ്യമായ ഒരു പ്രകടിതരൂപത്തെയും. സൂചിതം അനായാസം സ്വയം വെളിപ്പെടുത്തുന്ന ഉന്നതമായ അനുഭവമാണത്,സ്വത്മത്തിൽ നിന്ന് തന്നെ, ഒരിക്കലും പ്രതീകം എന്ന സങ്കല്പനമല്ലാതെ,ആദർശത്തിന്റെ അല്ലെങ്കിൽ പ്രാപഞ്ചികത്തിന്റെ അടയാളമായല്ലാതെ. ഈ പ്രകടനത്തിന്റെ ലോകസ്വഭാവമില്ലായ്മ ഈ ആശയത്തിൽ നിർമിതമാണ്. ശബ്ദത്തിലെ സൂചകത്തിന്റെ സ്വഭാവത്തിന്റെ മായ്ച്ച് കളയൽ വെറും പല മായികത ഒന്നല്ല എന്നിരുന്നാലും അത് സത്യത്തിന്റെ പ്രത്യേകമായ അവസ്ഥയാണ്- എനിക്ക് എവിടെയും അത് സ്വയംതെറ്റാണെന്ന് ധരിപ്പിക്കുന്നതിനെ ചൂണ്ടിക്കാണിക്കാൻ കഴിയും. .സത്യത്തിൽ ചരിത്രത്തിന്റെ സ്വഭാവമാണ് ഈ മായികത. അതിനെ അത്ര പെട്ടെന്നൊന്നും ഒഴിവാക്കാനാവില്ല. ഈ അനുഭവത്തിന്റെ അന്ത്യത്തിൽ വാക്ക് സൂചിതത്തിന്റെയും ശബ്ദത്തിന്റെയും വിഘടിക്കാത്ത പ്രാഥമിക ഐക്യമായി ജീവിക്കുന്നു,പ്രകടനത്തിന്റെ സങ്കൽപനവും സുതാര്യവുമായ ഘടകവും ഈ അനുഭവത്തെ അതിന്റെ പരിശുദ്ധിയിൽ ഏറ്റവും

മഹത്തരമായി പരിഗണിക്കുന്നു- അതേ സമയം അതിന്റെ സാധ്യതയിലെ അവസ്ഥയായും- 'നിലനിൽപിന്റെ' (being) അനുഭവം പോലെ. 'നിലനിൽപ്' എന്ന വാക്ക് അല്ലെങ്കിൽ, ഏതെങ്കിലും വിധത്തിൽ മറ്റ് ഭാഷകളിലുമുള്ള ഈ അർഥത്തെ ദ്യോതിപ്പിക്കുന്ന വാക്കുകൾ, ആണ്, മറ്റു ചിലതിനോടുമൊപ്പം, ഒരു പ്രാഥമികപദമാണ് ( "originary word"/"urwort")മറ്റു വാക്കുകൾക്കെല്ലാം വാക്കാകാനുള്ള സാധ്യതയെ ഉറപ്പിക്കുന്ന ഒരു ആധിഭൗതികവാക്ക്.അത് പോലെ, അത് മുൻകൂട്ടി എല്ലാഭാഷകളിലും മനസിലാക്കപ്പെട്ടതും- ഇതാണ് നിലനിൽപിന്റെയും സമയത്തിന്റെയും തുറക്കൽ- ഈ മുന്നറിവാണ് സാമാന്യമായി നിലനിൽപിന്റെ അർഥത്തിലെക്കുള്ള ചോദ്യത്തിലേക്ക് തുറക്കാൻ അനുവദിക്കുന്നത്, എല്ലാ പ്രാദേശികമായ അസ്തിത്വവാദചിന്തകർക്കും ആധിഭൗതിക ചിന്തകൾക്കുമപ്പുറം:തത്വചിന്തയെകുഴപ്പിക്കുന്നതാണ് ഈ ചോദ്യം (ഉദാഹരണമായി സോഫിസത്തിൽ)അത് അതിനെതത്വചിന്തയ്ക്ക് തന്നെ നിയന്ത്രിക്കാൻ അനുവദിക്കുന്നു, ഹൈദഗർ ആധിഭൗതികത്തിന്റെ ചരിത്രത്തെ അതിന് സമർപ്പിച്ചുകൊണ്ട് ആവർത്തിക്കുന്ന ഒരു ചോദ്യം. നിലനിൽപിന്റെ അർഥം "യലശിഴ" എന്ന വാക്കിന്റെ അർഥങ്ങളോ നിലനിൽപ് എന്ന സങ്കൽപ്പമോ അല്ലെന്ന് ഹൈദഗർ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. ഏങ്കിലും ആ അർഥം ഭാഷയ്ക്കോ ഭാഷയിലെ വാക്കുകൾക്കോ പുറത്തുള്ളതല്ല, അത് കെട്ടപ്പെട്ടതാണ്,ഒരു പ്രത്യേക വാക്കിനോടോ ഒരു ഭാഷവ്യവസ്ഥയോടോ അല്ലെങ്കിൽ, സാമാന്യമായ ഏറ്റവും കുറഞ്ഞത് വാക്കിന്റെ സാധ്യതയോടാണ്. അതിന്റെകുറവില്ലാത്ത ലാളിത്യത്തിന്റെ സാധ്യതയോടാണ് രണ്ട് സാധ്യതകൾക്കിടയിൽ നിന്ന് ഒന്നിനെ തെരഞ്ഞെടുക്കാനുള്ള സാധ്യത മാത്രമായി ഒരാൾക്ക് അതിനെ ചിന്തിക്കാം . ഒരു പുതിയ ഭാഷശാസ്ത്രത്തിന്, വാക്കിന്റെ ഐക്യത്തെ തകർക്കുന്ന ഒരു സൂചികാർത്ഥ ശാസ്ത്രവും വിവാദാത്മകമായ കുറവുവരുത്തൽ കൊണ്ടുള്ള തകർക്കലും, " ഭാഷ ?" ('languge') യെ സംബന്ധിച്ച് ഒന്നും ചെയ്യുന്നില്ല; ഹൈദഗർ സ്വാഭാവികമായും അതിനെ സഹായിക്കുന്നു.തിരിച്ച്, എല്ലാവരും പ്രധാന്യത്തോടെ ഓർമ്മിക്കുന്ന ചിന്ത അല്ലെങ്കിൽ നിലനിൽപിനെ സംബന്ധിച്ച ചോദ്യം; പഴയ വാക്കിന്റെ ഭാഷാശാസ്ത്രത്താൽ

ചുറ്റപ്പെട്ടത്; അറിയാതെ നാമിന്നും ആചരിക്കുന്നതല്ലേ അത്? അറിയാതെ എന്തെന്നാൽ; അങ്ങനെയൊരു ഭാഷാശാസ്ത്രം, അനായാസമോ വ്യവസ്ഥാപിതമോ, എല്ലായ്പ്പോഴും ആധിഭൗതികത്തിന്റെ മുൻനിഗമനങ്ങളെ പങ്ക് വെയ്ക്കാനുണ്ടാവും. രണ്ടും പ്രവർത്തിക്കുന്നത് ഒരേ അടിസ്ഥാനങ്ങളിലാണ്. അത് നടന്നുവരുന്നു; പകരം വെയ്ക്കുന്നവ അത്ര ലളിതമല്ല എന്ന് പറഞ്ഞുകൊണ്ട് .

ഒരു തരത്തിൽ ആധുനികഭാഷാശാസ്ത്രം ക്ലാസിക്കൽ സങ്കൽപ്പനത്തിൽ പൂർണമായി ചുറ്റപ്പെട്ടിരിക്കുകയാണെങ്കിൽ, ഏറെ വിശ്വാസ്യതയോടെ 'being' എന്ന വാക്കിനേയും അതിന്റെ മുനിനിശ്ചിതാർത്ഥങ്ങളെയും അത് ഉപയോഗിക്കുകയാണെങ്കിൽ, അത്, ഈ ഭാഷാശാസ്ത്രത്തിനകത്ത്, വാക്കിന്റെ ഐക്യത്തെ ഇനി അതിന് അപനിർമിക്കാൻ കഴിയില്ല, ഹൈദഗേറിയൻ ചോദ്യത്തിലെ രീതിയനുസരിച്ച്, നിലനിൽപിന്റെയും സമയത്തിന്റെയും തുറക്കൽ മുതൽ അത് ശക്തമായി പ്രവർത്തിക്കുന്നു, നിലനിൽപിന്റെശാസ്ത്രമെന്നോ (ontic) അല്ലെങ്കിൽ പ്രാദേശിക അസ്തിത്വ ശാസ്ത്രമെന്നോ(regional ontology) പരിമിതപ്പെട്ട്. നിലനിൽപിന്റെ ചോദ്യം എത്രത്തോളം അലിഞ്ഞുചേരാത്ത വിധം മുന്നറിവിനോടൊപ്പം ഐക്യപ്പെട്ടിരിക്കുന്നുവോ അത്രത്തോളം, അതിനോളം കുറവ് വരാതെ, ആ നിർമ്മിതമായ ഐക്യപ്പെടലിന്റെ അപനിർമ്മാണത്തിനായി പ്രവർത്തിക്കുന്ന ഭാഷാശാസ്ത്രത്തിന് അത് മാത്രമേയുള്ളു. യഥാർത്ഥത്തിലോ അല്ലെങ്കിൽ തത്വത്തിന് വേണ്ടിയോ, നിലനിലനിൽപിന്റെ ചോദ്യത്തിനെ; അതിന്റെ നിർവചനത്തിനായും അതിന്റെ ആശ്രിതത്വത്തിനായും ചോദ്യം ചെയ്യാൻ മാത്രംലളിതമായി നിലനില്പിന്റെ ശാസ്ത്രത്തിന്റെ പരിധിക്കകത്ത് മാത്രമല്ല അത് അതുമായി ബന്ധപ്പെട്ട അസ്തിത്വശാസ്ത്രത്തിന് ഇനിമേൽ പ്രദേശികമായി എന്തെങ്കിലും അതിനു മുകളിൽ ഇല്ലതാനും. ഭാഷാശാസ്ത്രത്തെ കുറിച്ച് എനിക്ക് ഇവിടെ പറയാൻ കഴിയുന്നതെന്താണ് അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് അതിനകത്ത് നിന്ന് ഏറ്റെടുത്ത ഏതെങ്കിലും കർമ്മത്തെ കുറിച്ച് അതിന് നന്ദി രേഖപ്പെടുത്തികൊണ്ടോ, ഇതു വരെ നടന്ന ഗവേഷണങ്ങൾ അളവിലും അതിന്റെ കൃത്യതയിലും ആത്യന്തികമായി അസ്തിത്വശാസ്ത്രത്തിന്റെ സ്ഥാപിത

സങ്കൽപ്പനങ്ങളെ അപനിർമ്മിച്ചു എന്ന് പറയാനാവില്ല,അതിന്റെ പ്രാധാന്യത്തിനായെങ്കിലും അങ്ങനെ പറയാമോ? ഭാഷാശാസ്ത്രത്തിന് വെളിയിൽ, അപഗ്രഥനാത്മക മനശ്ശാസ്ത്രഗവേഷണത്തിൽ; ഈ വിച്ഛേദത്തിന്റെ സാന്നിധ്യം കാണാം; ഇനിയും അത് ഏറെ പുരോഗമിക്കുമെന്നാണ് തോന്നുന്നത്

ഈ വിച്ഛേദത്തിന്റെ ചുരുങ്ങിയ സ്ഥലത്തിനകത്ത്, ഈ ''ശാസ്ത്രങ്ങൾ'' (sciences)അധികം കാലം ആധിഭൗതിക പ്രാതിഭാസിക ശാസ്ത്രത്തിന്റെ അല്ലെങ്കിൽ അസ്തിത്വശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളിലുണ്ടാകുന്ന ചോദ്യങ്ങളുടെ അധികാരത്തിൽ തുടരില്ല.അല്ലെങ്കിൽ ഒരാൾക്ക് പറയാം ,നിലനിൽപ്പും സമയവും തുടങ്ങിവച്ച ചോദ്യങ്ങളുടെ നിരയെ തുടർന്നും ഹുസ്സേളിന്റെ പ്രാതിഭാസികശാസ്ത്രത്തിലെ(phenomenology) ചോദ്യങ്ങൾക്കെതിരെയുയർത്തുന്ന യുക്തികളെ തുടർന്നും, അതായത്, ഈ വിച്ഛേദം ശാസ്ത്രത്തിന് മാത്രം സംഭവിച്ചതല്ല, നിലനിൽപ്പിന്റെ ശാസ്ത്രത്തിലും അല്ലെങ്കിൽ പ്രാദേശികമായ അസ്തിത്വശാസ്ത്രത്തിലും സംഭവിച്ചതായാണ് കാണപ്പെടുന്നത്, അവയ്ക്ക് അവകാശപ്പെട്ടവയല്ല അത്; പഴയ നിലനിൽപ് (being)എന്ന ചോദ്യത്തിലേക്ക് തന്നെ മടങ്ങിപ്പോവുന്നതിലേക്കാണത് നയിക്കുന്നത്.

കൃത്യമായും ഹൈദഗർ ആധിഭൗതികം എന്ന് വിളിക്കുന്ന നിലനിൽപ് എന്ന ചോദ്യം തന്നെയാണത്.അതിനൊപ്പം സത്യമെന്ന ചോദ്യവും ,അർഥവും,ലോഗോസും. ആ ചോദ്യത്തിനു മുകളിലുള്ള നിരന്തരമായ യോഗാവസ്ഥ ആത്മവിശ്വാസത്തെ പുനസ്ഥാപിക്കുന്നില്ല. വിപരീതമായി, അതിന്റെ ആഴത്തിൽ തന്നെ അത് ആത്മവിശ്വാസത്തെ ഇല്ലാത്താക്കുന്നു,അത് അർഥത്തിന്റെ നിലനിൽപിന്റെ പ്രശ്നമാണ്, നാം സാധാരണ വിശ്വസിക്കുന്നതിനേക്കാൾ ഏറെ പ്രയാസകരമായ ഒന്ന്. നിലനിൽപിന്റെ അവസ്ഥയെ നിർണയിക്കുന്നതിന് മുൻപ്, നിലനിൽപിന്റെ ശാസ്ത്രത്തിന്റ സുരക്ഷിതവേലികളെ തകർക്കുക, അങ്ങനെയൊരു ധ്യാനം സമ്മാനിക്കും, പൂർണമായും സമകാലിക ഭാഷശാസ്ത്രത്തിനൊപ്പം

നിലനിൽപിന്റെ അർഥത്തിന്റെ ഐക്യതയെ തകർക്കാനതു വേണം, അതായത് ,അവസാനമായി, ലോകത്തിന്റെ ഐക്യതയേയും. അതങ്ങനെയാണ്, ‘‘ശബ്ദത്തിന്റെ നിലനിൽപിനെ’’ ഉണർത്തിയ ശേഷം, അത് നിശ്ശബ്ദമാണെന്ന് ഹൈദർ ഓർമ്മിക്കുന്നു; ശബ്ദമില്ലായ്മ, അഗാധമായ, വാക്കില്ലാത്ത, ഉദ്ഭവപരമായി ഒരു- സ്വനാധിഷ്ഠിതം. ഉദ്ഭവത്തിന്റെ ശബ്ദങ്ങൾ കേൾക്കാനില്ല. ഉദ്ഭവത്തിലെ അർത്ഥത്തിന്റെ നിലനിൽപും വാക്കിനും ഇടയിൽ ഒരു വിടവ് ശബ്ദത്തിലും അർത്ഥത്തിനുമിടയിൽ ‘‘നിലനിൽപിന്റെ ശബ്ദത്തിനും’’ ‘‘സ്വാന’’ത്തിനുമിടയിൽ, ‘‘നിലനിൽപിന്റെ വിളിക്ക്’’ ഇടയിലും, ഉച്ചരിക്കപ്പെട്ട ശബ്ദത്തിനുമിടയിൽ; അങ്ങനെയൊരു വിടവ്, അത് പെട്ടെന്ന് ഉറപ്പിക്കുന്നത് ഒരു രൂപകത്തെയാണ് അതിനെ തന്നെ സംശയത്തിലാക്കുന്നു, രൂപകമെന്നനിലയിലുള്ള അതിന്റെ അനയോജ്യതയെ കൂടുതൽ വ്യക്തമാക്കുന്നു, ഹൈദഗേറിയൻ സന്ദർഭത്തിന് ആധിഭൗതികസാന്നിധ്യവുമായുള്ളതും ശബ്ദകേന്ദ്രിത ത്വവുമായുള്ളതുമായ ബന്ധത്തിലെ സന്ദിഗ്ധതയെ വിവർത്തനം ചെയ്യുന്നു.അത് ഉടൻ തന്നെ അതിനെ തന്നെ ഉൾക്കൊള്ളുകയും മറികടന്നു പോവുകയും ചെയ്യും.രണ്ടിനെയും വേർപ്പെടുത്തുക സാധ്യമല്ല ഈ മറികടക്കൽ; നിയമലംഘനം ചിലപ്പോൾ ഒരു പരിമിതിയിലേക്ക് അതിനെ ചുരുക്കുകയും ചെയ്യും.നാം മുകളിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി, ഒരു കാര്യം തീർച്ചയായും ഓർക്കേണ്ടതാണ്,ഹൈദഗറിന്, നിലനിൽപിന്റെ ബോധ്യം ഒരിക്കലും ലളിതമായതും കാഠിന്യമേറിയതുമായ ഒരു ‘‘സൂചകം’’ അല്ല. ആ വാക്ക് ഉപയോഗിക്കാതിരിക്കുന്നത് മനപ്പൂർവ്വമാണ്; അത് അർത്ഥമാക്കുന്നത്; ചിഹ്നത്തിന്റെ ചലനത്തിൽ നിന്ന് രക്ഷപ്പെടുന്നതിനായി ക്ലാസിക്കൽ പാരമ്പര്യത്തിന്റെ അപവർത്തനത്തിലൂടെ മനസിലാക്കപ്പെട്ടതും, ആധിഭൗതികഅർത്ഥരൂപികരണത്തിന്റെ സാങ്കേതികതയുമായി തുല്യപ്രാധാന്യത്തോടെയും ശ്രദ്ധയോടെയും നിബന്ധിച്ചതുമായ നിർദ്ദേശമാണത്. മറ്റൊരു തരത്തിൽ, നിലനിൽപിന്റെ അർത്ഥം അലങ്കാരികമായി ഒരിക്കലും ‘‘പ്രാഥമികം’’ അല്ല,

''അടിസ്ഥാനപരവും'' അല്ല ആധിഭൗതികവും അല്ല പാണ്ഡിത്യപരമായി കാന്റിന്റേയോ ഹുസ്സേളിന്റെയോ അർത്ഥത്താൽ മനസ്സിലാക്കാൻ കഴിയുന്നതും അല്ല. എല്ലാറ്റിൽ നിന്നും വ്യത്യസ്തമായ സ്വതന്ത്രമായ ഒരു വസ്തു എന്നതിൽ നിന്ന് വ്യത്യസ്തമായ ഒരു ''ആധിഭൗതികമായി'' നിലനിൽപിനെ പുനഃസ്ഥാപിക്കുന്നതിനായി, അടിസ്ഥാനപരമായ അതിന്റെ സ്വാഭാവികശാസ്ത്രത്തെ (ontology)തുറക്കുന്നതിനായി അവ ഒന്നുമല്ലെങ്കിലും താല്ക്കാലികമായി എങ്കിലും അതിന്റെ ആവശ്യമുണ്ട്.

"The Introduction to metaphysics" മുതൽ, ഹൈദഗർ വാക്കിന്റെ ആധിഭൗതികത്തെയും അതിന്റെ പ്രോജക്ടിനേയും ഒഴിവാക്കി. അത്യാവശ്യമിതാണ്, ഉദ്ഭവാത്മകവും, നിലനിൽപിന്റെ അർത്ഥത്തിന്റെ കുറവുവരുത്താത്ത മറച്ചു വയ്ക്കലും, അതിന്റെ സാന്നിധ്യത്തിന്റെ ഉദയത്തോടെയുള്ള മറഞ്ഞു പോകലും, ആ തിരിച്ചടി കൂടാതെ നിലനിൽപിന് ചരിത്രമേയില്ല; അത് തന്നെയായിരുന്നു പൂർണമായും ചരിത്രവും നിലനിൽപിന്റെ ചരിത്രവും. നിലനിൽപ് ചരിത്രമായി നിർമ്മിതമാവുന്നത് ലോഗോസിലൂടെയാണെന്ന് ഹൈദഗർ ഉറപ്പോടെ രേഖപ്പെടുത്തുന്നത്, അതിന് പുറത്ത് ഒന്നുമില്ലെന്നും, സ്വതന്ത്രമായ വസ്തുവും നിലനിൽപും തമ്മിലുള്ള വ്യത്യാസം- ഇവയെല്ലാം കൃത്യമായി സൂചിപ്പിക്കുന്നത് അടിസ്ഥാനപരമായി സൂചകത്തിന്റെ ചലനത്തിൽ നിന്നും ഒന്നിനും രക്ഷപ്പെടാനാവില്ല എന്നാണ്; അതും, അവസാന സന്ദർഭത്തിൽ, സൂചകവും സൂചിതവും തമ്മിലുള്ള വ്യത്യാസം ഒന്നുമല്ല. ഈ നിയമലംഘനത്തിന്റെ നിർദ്ദേശം, ഒരു ശ്രദ്ധേയമായ വ്യവഹാരമായി ഉദ്ഗ്രഥിക്കപ്പെട്ടിട്ടില്ല, നിയമലംഘനത്തിന്റെ അപായത്തെ സ്വയം സ്വീകരിക്കുകയാണത്.അതുകൊണ്ട് ഒരാൾ തീർച്ചയായും ഹൈദഗർ നിർദ്ദേശിക്കുന്ന, അദ്ദേഹം മാത്രം തീർത്ത വഴിയിൽ കൂടി നിലനിൽപിന്റെ ചോദ്യത്തിലേക്ക് നീതനാകുന്നു; നിലനിൽപിന്റെ തത്വശാസ്ത്ര ചിന്തയിലേക്കും അതിനു പുറത്തേക്കും, അപരിചിതവും കഠിനവുമായ വ്യത്യാസമില്ലായ്മയുടെ ചിന്തയിലെക്ക് എത്തിചേരുന്നതിനായും അതിനെ കൃത്യമായി നിർണ്ണയിക്കുന്നതിനായും. ഹൈദഗർ ഇടയ്ക്കിടയ്ക്ക് നമ്മെ ''നിലനിൽപിനെ'' കുറിച്ച് ഓർമ്മിപ്പിക്കുന്നു,ഭാഷാശാസ്ത്രത്തിലെ സാമാന്യ

വാക്യഘടനയുടെയും പദകോശത്തിന്റെയും രൂപങ്ങളിലൂടെയും പാശ്ചാത്യതത്വശാസ്ത്രത്തിലൂടെയും അത് നിലനിൽക്കുന്ന രൂപത്തിൽ തന്നെ, പ്രാഥമികവും പരിപൂർണ്ണവും കുറവില്ലാത്തതുമായ സൂചിതമായല്ല, അതായത്; ഇപ്പോഴും ഭാഷയുടെ വ്യവസ്ഥയിൽ വേരുറച്ചതും ചരിത്രപരമായി നിർണയിക്കപ്പെട്ടതുമായ "അർഥരൂപികരണമായി", എന്നിരുന്നാലും തുറന്നുകാട്ടപ്പെടാത്തതും മറച്ചുവച്ചിരിക്കുന്നതുമായ വിചിത്രമായ പ്രാധാന്യത്തിന്റെ അകമ്പടിയോടെ; പ്രത്യേകിച്ചും "പ്രഥമ പുരുഷൻ എകവചനത്തിലെ ക്രിയാമാറ്റം"(third person singular of the present indicative)ത്തിനും "ഇൻഫിനിറ്റീവിനും(Infinitive) നൽകുന്ന "പ്രാധാന്യ"(Privilege)ത്തിന്റെ ധ്യാനത്തിലേക്കും നമ്മുടെ ശ്രദ്ധയെ അദ്ദേഹം ആകർഷക്കുമ്പോൾ. പാശ്ചാത്യആധിഭൗതികം,സാന്നിധ്യത്തിന്റെ മേഖലയിലെ നിലനിൽപിന്റെ അർഥത്തിന്റെ പരിമിതി, ഒരു ഭാഷാശാസ്ത്രരൂപത്തിന്റെ ആധിപത്യരൂപമായാണ് അത് നിർമ്മിക്കപ്പെടുന്നത്.ആ ആധിപത്യത്തെ ചോദ്യം ചെയ്യുന്നതിന് ഒരു ആധിഭൗതിക സൂചിതാർത്ഥത്തെ ദിവ്യതയിലേക്ക് ആനയിക്കേണ്ട, എങ്കിലും എന്തൊക്കെയാണ് നമ്മുടെ ചരിത്രത്തെ രൂപികരിച്ച ഘടകങ്ങളെന്നും ആധിഭൗതികത്തിന്റെ ചിന്തയെ നിർമ്മിച്ചതെന്താണെന്നും ചോദ്യം ഉന്നയിക്കേണ്ടതുണ്ട്.

ഹൈദഗർ ഇക്കാര്യവും " zur seinsfrage" എന്ന ഗ്രന്ഥത്തിൽ മുന്നോട്ട് വയ്ക്കുമ്പോൾ, അതേ കാരണത്താൽ വെട്ടികളഞ്ഞിട്ടുമാത്രമേ അദ്ദേഹം "നിലനിൽപ്" എന്ന വാക്കിനെ വായിക്കുന്നുള്ളു,വായിക്കാൻ അനുവദിക്കുന്നുള്ളു.ആ മായ്ച്ചു കളയലിന്റെ അടയാളം അതല്ല, എങ്ങനെയായാലും, ഒരു "ഋണാത്മക ചിഹ്നം മാത്രമല്ല"(merely negative symbol).ഒരു കാലഘട്ടത്തിന്റെ അവസാനത്തെ എഴുത്താണ് ആ മായ്ച്ച് കളയൽ.ആ വെട്ടിയ വരകൾക്കടിയിൽ ഒരു ആധിഭൗതികമായ സൂചിതത്തിന്റെ സാന്നിധ്യം കാണാനാവും വിധം തന്നെ മറഞ്ഞ് കിടക്കുന്നു.മായ്ച്ച് കളഞ്ഞത് ഇപ്പോഴും കാണാൻ കഴിയുന്നു,നശിപ്പികുമ്പോൾ തന്നെ ചിഹ്നത്തിന്റെ ആശയം കാണാനാവും വിധം നിർമ്മിതമാവുന്നു. എത്രത്തോളം അത് ആധിഭൗതികശാസ്ത്രത്തെ അപരിമിതമാകുന്നു സാന്നിധ്യത്തിന്റെ

ആധിഭൗതികത്തേയും ശബ്ദകേന്ദ്രിതത്തെയും, ഈ അവസാനത്തെ എഴുത്ത് ആദത്തേതുമായിത്തീരുന്നു.

തിരിച്ചറിയാനായി വരിക,ഹൈദഗേറിയൻ വഴികളിലൂടെ, പക്ഷേ അതിനകത്ത് നിന്നല്ല, എങ്കിലും അതിനകത്താണ്, നിലനിൽപിന്റെ അർത്ഥം ഭൗമാതീതമായതോ കാലഘട്ടാതീതമായതോ ആയ ഒരു സൂചിതമല്ല (അത് കാലഘട്ടത്താൽ എല്ലായ്പ്പോഴും മറയപ്പെട്ടിരിക്കുന്നെങ്കിലും)എങ്കിലും,സത്യമായതും കേട്ടിട്ടില്ലാത്തതുമായ അർത്ഥത്തിൽ, നിർണീതമായ സൂചിതാർത്ഥകമായ ഒരു അർത്ഥാടയാളം (Trace),ഇത് സ്ഥിരീകരപ്പെടുന്നത് തീരുമാനിക്കപ്പെട്ട സ്വതന്ത്രവസ്തു നിലനിൽപ് എന്നിവയുടെ (ontico-ontological)വ്യത്യാസത്തിൽ നിന്നാണ്, ഒറ്റവീർപ്പിന് എല്ലാം ഒന്നിച്ച് ചിന്തിക്കാനാവില്ല; സ്വതന്ത്രവസ്തുവും നിലനിൽപും,നിലനിൽപും അതിനാധാരവും (ontological and ontic)ഇവ ഒരു സ്വാഭാവികമായ ശൈലിയിലാണ് വ്യത്യാസത്തിൽ നിന്ന് നിഷ്പാദിക്കാം; ഞാൻ പിന്നോട്ട് വിളിക്കുന്ന ‘difference’(മാറ്റിവെയ്ക്കൽ)മായി ബന്ധിപ്പിച്ച്, വ്യത്യാസപ്പെടുത്തുക/മാറ്റിവയ്ക്കുക(differing/deffering) എന്നതിന്റെ ഉൽപാദനത്തെ സൂചിപ്പിക്കുന്ന ഒരു സാമ്പത്തികശാസ്ത്ര സങ്കൽപനം.സ്വതന്ത്രവസ്തുവും ആധാരവസ്തുവും എന്ന വ്യത്യാസവും അതിന്റെ “അസ്തിത്വചിന്തയുടെ ഭൗതികാതീതതയും” (transcendence of dasein)യിലുമുള്ള അടിസ്ഥാനവും (Grund.)എല്ലാം പരിപൂർണമായും ഉരുവാത്മകം അല്ല.മാറ്റിവയ്ക്കലാണ് (differance)കൂടുതൽ ഉദ്ഭവാത്മകം (originary)പക്ഷേ ഒരാൾക്ക് അതിനെ ഉരുവ (origin)അല്ലെങ്കിൽ അടിസ്ഥാനം (ground..)എന്നിങ്ങനെ വിളിക്കാനാവില്ല; ആ വിശ്വാസങ്ങളാകട്ടെ തീർച്ചയായും നിലനിൽപിന്റെ തത്വശാസ്ത്രത്തിന്റെ (onto-theology)ചരിത്രവുമായി ബന്ധപ്പെട്ടതാണ്,വ്യത്യാസത്തെ മായ്ച്ചുകളയുന്ന പ്രവർത്തനത്തിലേർപ്പെടുന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ടത്.അതിന്, എങ്ങനെയായാലും, ഏറ്റവും കൂടുതൽ സാധ്യതയുള്ളത് എന്ന് ചിന്തിക്കാവുന്നത് ഒരു അവസ്ഥയിലാണ്; അതൊരാൾ ഇങ്ങനെ ആരംഭിക്കണം; സ്വതന്ത്രവസ്തു

നിലനിൽപ് വ്യത്യാസത്തെ നിർണയിച്ചുകൊണ്ട്; ആ വ്യത്യാസത്തെ മായ്ച്ചുകളയുംമുൻപ്.മായ്ച്ച് കളഞ്ഞ ആ നിർണയത്തിൽ കൂടിയുള്ള സഞ്ചാരത്തിന്റെ ആവശ്യകത, ആ ''എഴുത്തിന്റെ കൗശലം''ത്തിന്റെ ആവശ്യകതയെ കുറച്ചു കാണാനാവില്ല.തീരെ ശക്തമല്ലാത്തതും പ്രയാസകരവുമായ ഒരു ചിന്ത, തീരെ മനസ്സിലാക്കൻ കഴിയാത്ത ഒരു മാധ്യമത്തിലൂടെ, നമ്മുടെ ചോദ്യത്തിന്റെ എല്ലാഭാരവും നിശ്ചയമായും പേറിക്കൊണ്ട്, ഞാൻ താൽക്കാലികമായി ''ചരിത്രാത്മകം'' (historial) എന്ന് വിളിക്കുന്നു.ഇതിന്റെ സഹായത്താലാണ് എനിക്ക് പിന്നോട് എഴുത്തിനേയും മാറ്റിവയ്ക്കലിനേയും ബന്ധപ്പെടുത്താൻ ശ്രമിക്കാൻ കഴിയുന്നത്.

ഈ ചിന്തകളെ നിരസിക്കുന്നത് (ഇവിടെ നീചേയുടെയും ഹൈദഗറുടെയും) ഒരു ''സ്വരചേർച്ചയില്ലായ്മയല്ല'' അത് എല്ലാ ഹെഗലിയാനന്തര പരിശ്രമങ്ങളേയും വിറപ്പിക്കാൻ അനുയോജ്യമായതും; രണ്ടു കാലഘട്ടങ്ങളുടെ ഇടയിലുള്ള വഴിക്കും. അപനിർമ്മാണത്തിന്റെ ചലനങ്ങൾ ഘടനകളെ പുറത്ത് നിന്ന് തകർക്കുന്നില്ല.അത് ഫലപ്രദമോ സാധ്യമോ അല്ല, അവയ്ക്ക് കൃത്യമായ ലക്ഷ്യം എടുക്കാനും കഴിയില്ല, ആ ഘടനകൾക്കുള്ളിൽ അധിവസിക്കുക എന്നതൊഴിച്ച്. ഒരു പ്രത്യേകരീതിയിൽ അധിവസിക്കുക,എന്തെന്നാൽ ഒന്ന് എല്ലായ്പ്പോഴും അധിവസിക്കുന്നു, എല്ലാറ്റിനുമുപരിയായി; ഒന്ന് അക്കാര്യം സംശയിക്കാതിരിക്കുമ്പോൾ. ഉള്ളിൽ നിന്ന് അവശ്യം പ്രവർത്തികുമ്പോൾ, പഴയ ഘടനയിൽ നിന്ന് തന്ത്രപരവും സാമ്പത്തികവുമായ അധികാരത്തെ തകർക്കുന്ന വിഭവങ്ങളെല്ലാം കടം മേടിച്ച്, ഘടനാപരമായി തന്നെ കടം കൊണ്ട്, അതിലെ അണുകളെയും ഘടകങ്ങളേയും ഒറ്റപ്പെടുത്താൻ കഴിയാത്ത വിധമെന്ന് പറയാം,അപനിർമ്മാണം എന്ന പ്രസ്ഥാനം ഒരു പ്രത്യേകരീതിയിൽ എല്ലായ്പ്പോഴും അതിന്റെ തന്നെ പ്രവർത്തനത്തിന് ഇരയായിതീരാറുണ്ട്. ഒരേ ജോലി മറ്റൊരു സ്ഥലത്ത്; ഇതേ പ്രത്യേകതകളുള്ള സ്ഥലത്ത് ഒരാൾ ചെയ്യാൻ ആരംഭിക്കുമ്പോൾ വർദ്ധിച്ച ഊർജത്തോടെ ഇക്കാര്യം ചൂണ്ടികാണിക്കുന്നതിൽ പരാജയപ്പെടില്ല. പ്രവർത്തനങ്ങൾ ഇന്ന് അധികം വ്യാപകമായിട്ടില്ല; ഒരാൾക്ക് അതിന്റെ നിയമങ്ങൾ രൂപികരിക്കാവുന്നതേയുള്ളു.

ഹെഗൽ ഈ കളിയിൽ മുഴുകിയിരുന്നു.ഒരു തരത്തിൽ, അദ്ദേഹം സംശയലേശമെന്യേ ശബ്ദകേന്ദ്രിതത്വശബ്ദത്തെ മുഴുവനായും സമാഹരിച്ചു.അദ്ദേഹം നിലനിൽപിന്റെ ശാസ്ത്രത്തെ പരിപൂർണ യുക്തിയായി കണ്ടു; തത്വചിന്തയുടെ പരിധി നിശ്ചയിക്കലുകളേയെല്ലാം സാന്നിധ്യത്തിലേക്ക് ചുരുക്കി,രണ്ടാംവരവിന്റെ മരണ തത്വശാസ്ത്രത്തെ അവതരിപ്പിക്കാൻ നിയുക്തനായി, അഖണ്ഡമായ വ്യക്തിപരതയുടെ ആത്മനാമീപ്യത്തിന്റെ. ഇതേ കാരണത്താൽ അദ്ദേഹത്തിന് എഴുത്തിനെ അടിസ്ഥാനമില്ലാത്തതോ രണ്ടാംതരമോ ആക്കേണ്ടിവന്നു.ലബനിറ്റ്സിന്റെ കരുക്കളെ അദ്ദേഹം വിമർശിക്കുമ്പോൾ, മനസ്സിലാക്കലിന്റെ രൂപികരണതത്വവും, ,ഗണിതപ്രതീകാത്മതയും,അദ്ദേഹം അതേ ഭാവപ്രകടനങ്ങളാണ് ഉണ്ടാക്കുന്നത്:അതിന് ലോഗോസിന് പുറത്തുള്ള നിലനിൽപിനെ നിരസിക്കുന്നു,ആർത്ഥികമോ ബൗദ്ധികമോ ആയ ചുരുക്കലിൽ. ആത്മത്തിന്റെ വിസ്മരിക്കലാണ് എഴുത്ത്,ആ ബാഹ്യവൽക്കരണം, ഓർമ്മകളെ ആന്തരികമാക്കി തീർക്കുന്നതിന് വിപരീതം, ആത്മാവിന്റെ ചരിത്രത്തെ തുറന്ന് കാണിക്കുന്ന ഓർമ്മകുറിപ്പ്. ഇക്കാര്യമാണ് ഫേദ്രസ് (Phaedrus)പറഞ്ഞത്:എഴുത്ത് ഒന്നാമതായി ഓർമ്മിക്കാനുള്ള സങ്കേതവും മറക്കാനുള്ള കഴിവുമാണ്. സ്വാഭാവികമായി, ഹെഗലിന്റെ എഴുത്തിന്റെ വിമർശനം അക്ഷരമാലയിൽ നിന്നു പോകുന്നു. സ്വനിമികമായ എഴുത്തിനെ പോലെ, അക്ഷരമാല അതേ സമയം കൂടുതൽ സേവനത്തിന് തയ്യാറാണ്,കൂടുതൽ ശിക്ഷാർഹമാണ്,കൂടുതൽ രണ്ടാംതരമാണ്. (അക്ഷരമാലാധിഷ്ഠിത എഴുത്ത് ശബ്ദത്തെ പ്രകടമാക്കുന്നു; അവ സ്വയം ചിഹനങ്ങളാണ്.അത് അതുകൊണ്ട് ചിഹനങ്ങളുടെ ചിഹനങ്ങളെ ഉൾക്കൊള്ളുന്നു,അവ നല്ല എഴുത്തുകൂടിയാണ്, മനസ്സിന്റെ എഴുത്ത്,അതിന്റെ ശബ്ദത്തിനു മുന്നിലെ അഴിഞ്ഞ് പോകൽ(effacement),സ്വനാധിഷ്ഠിത സൂചകങ്ങളുടെ ആന്തരീകരണത്തെ അനുസരിക്കുന്നു അത്, അതെല്ലാം കൊണ്ട് അത് സ്ഥലത്തെയും കാഴ്ചയേയും ഉദ്ദാത്തീകരിക്കുന്നു, അതെല്ലാം ചേർന്ന് എഴുത്തിന്റെ ചരിത്രത്തെ നിർമ്മിക്കുന്നു, എഴുത്ത്, അതായത്, അതിന്റെ വ്യവഹാരവുമായും ചരിത്രവുമായും ബന്ധപ്പെട്ട അതിന്റെ തന്നെ അഖണ്ഡമായ ആത്മാവ്: ഒരു അക്ഷരമാലാ എഴുത്തിനെ കൃത്യമായും

വായിക്കാനും എഴുതാനും പഠിക്കുക എന്നതിനെയാണ് അത് അനുവർത്തിക്കുന്നത്; അഖണ്ഡമായ സംസ്കാരത്തിലെക്കുള്ള വഴിയായി അതിനെ കരുതി വരുന്നു; അതാകട്ടെ ഏറെ പ്രകീർത്തിക്കപ്പെടുന്നുമില്ല; എന്തെന്നാൽ അങ്ങനെ മനസ്സ്, മനസ്സിലാക്കാൻ കഴിയുന്ന ഉറച്ച അർഥത്തിൽ നിന്നും അത് സ്വയം അകലം പാലിക്കുന്നു,അതിന്റെ ശ്രദ്ധയെ കൂടുതൽ ഔപചാരികമായ നിമിഷത്തിലേക്ക് നയിക്കുന്നു,അടിച്ചേൽപിക്കുന്ന വാക്കിലും അതിന്റെ സങ്കീർണമായ കരുക്കളിലും, കർത്താവിൽ തന്നെയുള്ള ആന്തരികതയുടെ അടിസ്ഥാനത്തെ ശുദ്ധീകരിക്കുന്നതിനുള്ള മാർഗങ്ങളെ കൃത്യമായും അത് സംഭാവന ചെയ്യുന്നു.

ആ അർത്ഥത്തിൽ അത് മറ്റ് എഴുത്തുകളുടെ മായ്ച്ചു കളയലാണ്( Aufhebung),ഒരേ ഭാഷസംവാദികളോടു കൂടിയതും ഒന്ന് തന്നെ എന്ന് പറയാവുന്നതും നാം നേരത്തെ വിമർശിച്ചതുമായ ഹൈറോഗ്ലിഫിക്ക് എഴുത്തിനെയും ലബ്നീസിയൻ കരുക്കളെയും പ്രത്യേകിച്ചും (Aufhebung ഏറിയോ കുറഞ്ഞോ പരോക്ഷമായി മിക്കവാറും എല്ലാം എഴുത്തിന്റെ ചരിത്രങ്ങളുടെയും അധികാരികയായ സങ്കൽപമാണ്, ഇപ്പോഴും. ചരിത്രത്തിന്റെയും പ്രയോജന വാദത്തിന്റെയും (teleology) സങ്കൽപനമാണ് അത്) എന്നിരുന്നാലും, ഹെഗൽ തുടരുന്നു: ‘‘ആർജിതമായ സ്വഭാവം അക്ഷരമാലാ എഴുത്തിന്റെയും തനത് സ്വഭാവത്തെയും പിന്നേട് അമർത്തികളയുന്നു അത് അതിൽ ഉൾക്കൊള്ളുന്നത് പോലെ കാണുന്നു, കാഴ്ചയുടെ താൽപ്പര്യത്തിനു വേണ്ടി, കേൾവിയിൽ കൂടിയുള്ള ഒരു വഴി മാറിപ്പോകലാണത്, പ്രതിനിധാനങ്ങളിൽ എത്തിച്ചേരാനായി ,നമ്മുക്ക് വേണ്ടി അതിനെ ഹൈറോഗ്ലിഫിക്ക് എഴുത്തുകളാക്കി നിർമ്മിക്കുന്നു, അതിനെ ഉപയോഗിക്കുന്നത് പോലെ തന്നെ, ശബ്ദത്തിന്റെ മധ്യസ്ഥതയെ നമ്മുടെ ബോധതലത്തിന് സമർപ്പിക്കേണ്ടതിന്റെ ആവശ്യം നമ്മുക്ക് ഇല്ല’’.

ഈയവസ്ഥയിൽ, ലബനിറ്റ്സിന്റെ പുകഴ്ത്തപ്പെട്ട സ്വനേതരഎഴുത്തിന് കീഴ്പ്പെടുമ്പോൾ അത് ബധിരതയിലെ ശബ്ദമില്ലായ്മയിൽ നിന്ന് നിർമ്മിക്കാം, ലബനിറ്റ്സ് പറഞ്ഞു.ഹെഗൽ: സത്യാവസ്ഥ ഇതാണെങ്കിലും, അക്ഷരമാലാ

എഴുത്തിനെ ഹൈറോഗ്ലിഫിക്സ് ആക്കി രൂപാന്തരണം നടത്തുന്ന പ്രവർത്തനം, ചുരുക്കലിനുള്ള നൈപുണ്യത്തെ അത്തരം ഒരു പ്രവർത്തനത്തിലൂടെ നേടിയെടുക്കുക എന്നത് 'സംരക്ഷിതമാണ്', ഹൈറോഗ്ലിഫിക്സിന്റെ വായന അതിൽ തന്നെ ഒരു ബധിരവായനയാണ്.ഒരു ശബ്ദമില്ലാത എഴുത്ത്. കേൾക്കാവുന്നതോ ഭൗതികമായി കാണാവുന്നതോ സ്ഥലപരമായതോ എന്താണ്, ഓരോന്നിനും അതിന്റേതായ അടിസ്ഥാനം ഉണ്ട്. കൂടാതെ, ഒന്നാമതായി അവയെല്ലാം ഒരേ മൂല്യം ഉള്ളവയുമാണ്; എങ്കിലും അക്ഷരമാല എഴുത്തിൽ ഓരോന്നിനും അതിന്റേതായ അടിസ്ഥാനം ഉണ്ട് കൂടാതെ ഒന്നാമതായി അവയെല്ലാം ഒരേ മൂല്യം ഉള്ളവയുമാണ്,എങ്കിലും അക്ഷരമാല എഴുത്തിൽ ഒരേയൊരു അടിസ്ഥാനമേയുള്ളു; അത് ഒരു പ്രത്യേകബന്ധത്തെ പിൻതുടരുന്നു, പേരെടുത്ത് പറഞ്ഞാൽ, അത് കാണാവുന്ന ഭാഷ ഒരു ചിഹ്നമായി മാത്രം കേൾക്കാവുന്ന ഭാഷയോട് ബന്ധപ്പെട്ടിരിക്കുന്നു; ബുദ്ധി, പെട്ടെന്നും വ്യവസ്ഥാനിരപേക്ഷമായും സ്വയം സംസാരത്തിൽ കൂടി പ്രകടമാവുന്നു(അതേ പുസ്തകം)

എഴുത്ത് തന്നെ എന്താണ്,അതിന്റെ സ്വനേതര നിമിഷത്തിൽ, ചതിക്കുന്നു, ജീവിതം തന്നെ. വളരെ പെട്ടെന്ന് നമ്മുടെ ശ്വാസത്തെ അപകടത്തിലാക്കുന്നു,ആത്മാവിനെ, ആത്മാവിൽ അതിനോട് തന്നെയുള്ള ബന്ധമുള്ള ചരിത്രത്തെ. അത് അവയുടെ അവസാനമാണ്, അവയുടെ അഖണ്ഡതയുടെ; അവയുടെ തളർച്ചയാണ്.ശ്വാസത്തിന്റെ വെട്ടിച്ചുരുക്കൽ, അണുശുദ്ധികരണം അല്ലെങ്കിൽ ചലനമില്ലാതക്കൽ; അക്ഷരങ്ങളുടെ ആവർത്തനത്തിലൂടെയുള്ള ആത്മാവിന്റെ നിർമ്മാണം, നേർച്ചൊല്ല്(commentary) അല്ലെങ്കിൽ വ്യാഖ്യാനം ,ഒരു ഇടുങ്ങിയ സ്ഥലത്തെ വളഞ്ഞിടൽ, ന്യൂനപക്ഷത്തിനായുള്ള സംവരണം,നിലനിൽപിന്റെ ആയിത്തീരലിലുള്ള മരണത്തിന്റെയും വ്യത്യാസത്തിന്റെയും തത്വമാണ് അത്. അത് ചൈന യൂറോപ്പിനെന്താണെന്ന സംസാരമാണ്: ''അത് ചൈനീസ് ആത്മീയ സംസ്കാരത്തിന്റെ വ്യാഖ്യാനമാണ്; അതിനവരുടെ ഹൈറോഗ്ലിഫിക്സ് എഴുത്ത്, അനുയോജ്യമാണ്.ഇത്തരത്തിലുള്ള എഴുത്ത് ഒരു ചെറിയ വിഭാഗം ആളുകൾക്കുവേണ്ടി സംവരണം ചെയ്തിരിക്കയാണെങ്കിലും, ആത്മീയ സംസ്കാരത്തിന്റെ വിശാലമായ മേഖലയെ ഉൾക്കൊള്ളുന്ന വിഭാഗം, ഒരു ഹൈറോഗ്ലിഫിക്സ് എഴുത്ത് ചൈനീസ് സംസ്കാരത്തിന് പൊതുവേയുള്ള വ്യാഖ്യാനാത്മക

മായ ഒരു തത്വചിന്തയെ ആവശ്യപ്പെടുന്നു'' (അതേ പുസ്തകം).സ്വനേതര നിമിഷം ചരിത്രത്തേയും ശ്വാസത്തിലെ ആത്മസാന്നിധ്യം പോലെയുള്ള ജീവിതത്തേയും അപായപ്പെടുത്തുമ്പോൾ, എന്തുകൊണ്ടെന്നാൽ അത് വലിയ അളവിൽ അപായപ്പെടുത്തുന്നു,സാന്നിധ്യത്തിന്റെ മറ്റൊരു ആധിഭൗതികനാമത്തെയും നിലനിൽപിനെയും (ousia). ആദ്യമായി ഒരു ഉറച്ച യാഥാർത്ഥത്തിന്റെ രൂപത്തിൽ. സ്വനേതര എഴുത്ത് നാമത്തെ പൊടിച്ചുമാറ്റുന്നു.അത് ബന്ധങ്ങളെ വിശദീകരിക്കുന്നു. പേരുകളെയല്ല. നാമവും വാക്കും, ശ്വാസത്തിന്റെ അളവ് മാത്രകളും (units) സങ്കൽപനും ശൂന്യമായ എഴുത്തിനാൽ തുടച്ചുനീക്കുന്നു. ആ തരത്തിൽ, ലെബനിറ്റ്സ്, ചൈനീസ് യൂറോപ്പിലെന്ന പോലെ ശല്യക്കാരനാണ്. ''ഈ അവസ്ഥാന്തരം, ഹൈറോഗ്ലിഫിക്സ് എഴുത്തിലെ സാന്നിധ്യത്തിന്റെ അപഗ്രഥനാത്മക പ്രതീക ശൃംഖല,ഭാഷയുടെ പൊതുവായതും അടിസ്ഥാനപരവുമായ വ്യാഖ്യാനാത്മകതയ്ക്ക് വിരുദ്ധമാവുന്നു, പേരെടുത്തു പറഞ്ഞാൽ നാമം, അപഗ്രഥനത്തിലെ എല്ലാ വ്യത്യാസവും എഴുത്തെന്ന ഉറച്ച യാഥാർത്ഥ്യത്തിന്റെ മറ്റൊരു രൂപത്തെ നിർമ്മിക്കുന്നു''.

ലോഗോസിലെ എഴുത്തിന്റെ മായ്ച്ച്കളയലാണ് പരിപൂർണജ്ഞാനത്തിന്റെ ചക്രവാളം, രണ്ടാംവരവിലെ (paraisia)അർത്ഥാടയാളത്തിന്റെ (trace)വീണ്ടെടുപ്പ്, ഞാൻ ചില സ്ഥലങ്ങളിലെല്ലാം പറയുന്ന ''കാണുന്നതും കാണാത്തതുമായ ലോകത്തിന്റെ ആധിഭൗതികം''( Metaphysics of the proper).

എങ്കിലും ഈ ചക്രവാളത്തിലെ ഹെഗലിന്റെ ചിന്തകളെല്ലാം, എല്ലാം, അതായത്, മരണദൈവശാസ്ത്രം (eschatology)ഒഴികെ, എഴുത്തിന്റെ മേലുള്ള ധ്യാനമായി പുനർവായിച്ചേക്കാം.കുറച്ച് കാണാത്ത വ്യത്യാസത്തിന്റെ ചിന്തകൻ കൂടിയാണ് ഹെഗൽ.ചിന്തയെ ചിഹ്നങ്ങളുടെ ഓർമ്മനിർമ്മാണനൈപുണ്യ( memory productive) മായി ഹെഗൽ പുനരധിവസിപ്പിച്ചു.അദ്ദേഹം പുനരവതരിപ്പിച്ചു ഞാൻ ചില സ്ഥലങ്ങളിൽ ചൂണ്ടികാണിക്കാൻ ശ്രമിക്കാനുണ്ട് തത്വചിന്താ വ്യവഹാരത്തിൽ- അതായത് സോക്രട്ടിക്-

അത്യാവശ്യമായ എഴുത്തിന്റെ അർത്ഥാടയാളം; അത് ഇല്ലാതെയും തത്വചിന്ത സാധ്യമാണെന്ന് പൊതുവേ വിചാരമുണ്ട്; പുസ്തകത്തിന്റെ അവസാനത്തെയും എഴുത്തിന്റെ ആദ്യത്തെയും ചിന്തകൻ.